# മർകസ് ജേർണൽ

journal@markaz.in
www.markaz.in

2024
മെയ് - ജൂൺ
വാള്യം 05 / ലക്കം 03






ഇന്ത്യൻ ഗ്രാൻഡ് മുഫ്തിക്ക് ബുഖാറയുടെ ആദരം

കാന്തപുരം ഉസ്താദിന്റെ ആത്മകഥ 'വിശ്വാസപൂർവം' പ്രകാശിതമായി

സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് നേടി മർകസ് പൂർവ വിദ്യാർഥി



# Founder’s Message

മർകസ് മോഡൽ വിദ്യാഭ്യാസമെന്നത് ഇന്ന് വളരെയേറെ പ്രശംസിക്കപ്പെടുന്നതും ഏറെപേർ മാതൃകയായി സ്വീകരിക്കുന്നതുമായ ഒരു രീതിയായി മാറിക്കഴിഞ്ഞിട്ടുണ്ട്. പണ്ഡിതരും സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്ന നിപുണനായ വ്യക്തികളും സിവിൽ സർവീസ് റാങ്ക് ജേതാക്കളും ഫുൾബ്രൈറ്റ് പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകാരും ഉൾപ്പെടുന്ന പ്രതിഭാധനരായ വലിയൊരു സമൂഹത്തെ സൃഷ്ടിക്കാൻ സാധിച്ചെന്നതാണ് ഈ പ്രശംസക്ക് കാരണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സാധാരണക്കാർക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനതക്കും ആധുനിക വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും സൗജന്യമായും കുറഞ്ഞ ചെലവിലും പഠിക്കാൻ ഉള്ള സാഹചര്യമുണ്ടാക്കുക എന്നത് ഒരുകാലത്ത് ഏറെ വെല്ലുവിളി നിറഞ്ഞ കാര്യമായിരുന്നു. ആ കാലത്താണ് 1978 ൽ ഒരു അനാഥാലയം സ്ഥാപിച്ച് വിദ്യാഭ്യാസ രംഗത്തേക്ക് മർകസ് പ്രവേശിച്ചത് എന്നത് മർകസ് ലക്ഷ്യമിടുന്ന ജനകീയ വിദ്യാഭ്യാസ രീതിയുടെ സൂചനയായിരുന്നു.

കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിന്നിരുന്ന മലബാറിലെ ഗ്രാമ പ്രദേശങ്ങളിലും മലയോരങ്ങളിലും തീരദേശ പ്രദേശങ്ങളിലും മർകസിന്റെ നേതൃത്വത്തിൽ ധാരാളം വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിച്ചു. കേരള സിലബസ് പഠിപ്പിക്കുന്നവയും സിബിഎസ്‌സി സിലബസ് പഠിപ്പിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഇതിൽ പെടും. അതുമുഖേന സാധാരണക്കാർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുറഞ്ഞ ചെലവിലും സൗജന്യമായും തങ്ങളുടെ പരിസരങ്ങളിൽ തന്നെ ലഭ്യമായി.

തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് എടുത്തുപറയേണ്ട മറ്റൊന്ന്. സംസ്ഥാനത്തെ തന്നെ ആദ്യത്തെ കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങളിൽ ഒന്ന് മർകസിലായിരുന്നു സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്ക് മാത്രം ലഭ്യമായിരുന്ന ഉന്നത വിദ്യാഭ്യാസവും പ്രൊഫഷണൽ വിദ്യാഭ്യാസവും സാർവത്രികമാക്കി എന്നതാണ് മർകസ് മോഡലിന്റെ മറ്റൊരു സവിശേഷത. ഇതിനായി 3 കാര്യങ്ങളാണ് മർകസ് ചെയ്തത്.

1. ഉന്നത വിദ്യാഭ്യാസം നൽകുന്ന കലാലയങ്ങൾ സ്ഥാപിക്കുക.
2. ഉന്നത കലായങ്ങളിൽ പ്രവേശനം നേടുന്ന പാവപെട്ട വിദ്യാർഥികളെ സ്കോളർഷിപ്പ് നൽകി പഠിപ്പിക്കുന്ന സംവിധാനം.
3. ഉന്നത കലാലയങ്ങളുമായി അക്കാദമിക വിനിമയം സ്ഥാപിക്കൽ.

ഭൗതികം, ആത്മീയം എന്ന വേർതിരിവില്ലാതെ എല്ലാ വിജ്ഞാനശാഖകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലും ഒന്നും ഒരാളുടെയും കുത്തകയല്ലെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിലും പ്രവർത്തനങ്ങളിലൂടെ മർകസ് വിജയിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ആഴത്തിൽ അറിവ് നുകർന്ന മത പണ്ഡിതരെയും സിവിൽ സർവീസ റാങ്ക് ജേതാക്കളെയും ഫുൾബ്രൈറ്റ് പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകാരെയും സാമൂഹികരംഗത്തെ നിപുണരേയും ഒരേസമയം മർകസിന് ഉത്പാദിക്കാൻ സാധിച്ചത്.

മർകസ് മോഡൽ വിദ്യാഭ്യാസം കൂടുതൽ ശ്രദ്ധനേടുന്ന ഇക്കാലത്ത് മർകസിന്റെ അക്കാദമികവും ജനകീയവുമായ പുതിയ ചലനങ്ങൾ അടുത്തറിയാം.

**കാന്തപുരം**
**എ പി അബൂബക്കർ മുസ്‌ലിയാർ**



# മർകസുമായി അക്കാദമിക സഹകരണമുള്ള യൂണിവേഴ്സിറ്റികൾ

| | | | | | | |
|---|---|---|---|---|---|---|
| **IUST** Jammu & Kashmir | **Jamiyah** Singapore | **Al Azhar University** Cairo, Egypt | **Jamia Hamdard** New Delhi, India | **MANUU** Hyderabad, India | **IMU** Kyrgystan | **Arak Development** Saudi Arabia |
| **IAIN** Kyrgystan | **Uskudar University** Turkey | **WISE** Jordan | **Al Qasmia University** Sharjah, UAE | **Jamia Millia Islamia** New Delhi, India | **IIUM** Malaysia | **African University** Senegal |
| **Aligarh Muslim University** Aligarh, India | **Jamia Zaithoona** Tunisia | **Universiti Kebangsaan** Malaysia | **Jamia Al Ahqaf** Yemen | **UINJKT** Indonasia | **Avid College** Maldives | **UnIPSAS** Malaysia |


# മർകസ് ജേർണൽ

**മർകസ് സ്ഥാപനങ്ങളിലെ വാർത്തകൾ ഉൾകൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന മലയാളം ദ്വൈമാസിക**

**വാള്യം 5 / ലക്കം 3 / മെയ്-ജൂൺ 2024**

മർകസ് ഡയറക്ടറേറ്റ് ഓഫ് മീഡിയ & കമ്യൂണിക്കേഷൻ പുറത്തിറക്കുന്ന പ്രസിദ്ധീകരണം.

**മർകസ്, കാരന്തൂർ പി.ഒ, കോഴിക്കോട്, കേരള-673571**

+91 9072 500 404 journal@markaz.in



| | | |
|---|---|---|
| ചീഫ് പാട്രൺ | : | **സി. മുഹമ്മദ് ഫൈസി** |
| സ്ട്രാറ്റജിക് അഡ്വൈസർ | : | **ഡോ. അബ്ദുൽ ഹകീം അസ്ഹരി** |
| കൺസൾട്ടേഷൻ | : | **ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്** |
| പബ്ലിഷർ | : | **ഉനൈസ് മുഹമ്മദ് കൽപകഞ്ചേരി** |
| എക്സിക്യൂട്ടീവ് എഡിറ്റർ | : | **ശമീം കെ.കെ** |
| കോ-ഓർഡിനേഷൻ | : | **ഇർഫാൻ എ.കെ** |
| കണ്ടന്റ് എഡിറ്റർ | : | **മുഹമ്മദ് മുബശ്ശിർ നുറാനി എളാട്** |
| കോൺട്രിബ്യൂട്ടിംഗ് എഡിറ്റർ | : | **സുഹൈൽ ഹുസൈൻ നുറാനി** |
| ന്യൂ മീഡിയ എഡിറ്റർ | : | **മുഹമ്മദ് അനീസ് കെ** |
| ക്രിയേറ്റീവ് സപ്പോർട്ട് | : | **അബ്ദുൽ ജലീൽ കെ** |
| ഫോട്ടോസ് | : | **മർകസ് മീഡിയ ടീം** |

# ഇന്ത്യൻ ഗ്രാൻഡ് മുഫ്തിക്ക് **ബുഖാറയുടെ ആദരം**

സ്വഹീഹുൽ ബുഖാരിയുടെ പഠനത്തിനും പ്രചാരണത്തിനും നൽകിയ സേവനങ്ങളും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന വൈജ്ഞാനിക പ്രവർത്തനങ്ങളും പരിഗണിച്ചാണ് ആദരം നൽകിയത്.



ഇന്ത്യൻ ഗ്രാൻഡ് മുഫ്തി ശൈഖ് അബൂബക്കർ അഹ്മദിന് ഇമാം ബുഖാരിയുടെ ജന്മനാടിന്റെ ആദരം. ബുഖാറയിലെ സറഫ്ഷോൻ കൺവെഷൻ സെന്ററിൽ നടന്ന ചടങ്ങിൽ മധ്യേഷ്യൻ രാജ്യങ്ങളിലെ മുഫ്തിമാരും ഖാളിമാരും ചേർന്ന് ആദരസൂചകമായി ഗ്രാൻഡ് മുഫ്തിയെ 'ഹിർഖത്തുൽ ബുഖാരിയ്യ' വസ്ത്രം അണിയിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഒരു മുസ്‌ലിം പണ്ഡിതൻ ഇതാദ്യമായാണ് ഒരു മധ്യേഷ്യൻ രാജ്യത്ത് ഇത്തരമൊരു ആദരം ഏറ്റുവാങ്ങുന്നത്.

വിശ്വ പ്രസിദ്ധ ഹദീസ് ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരിയുടെ പഠനത്തിനും പ്രചാരണത്തിനും നൽകിയ സേവനങ്ങളും, ഇന്ത്യ കേന്ദ്രീകരിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന വൈജ്ഞാനിക പ്രവർത്തനങ്ങളും പരിഗണിച്ചാണ് ഗ്രാൻഡ് മുഫ്തിക്ക് ആദരം നൽകിയത്. പ്രമുഖ യമനി പണ്ഡിതനും ദാറുൽ മുസ്തഫ സ്ഥാപനങ്ങളുടെ സ്ഥാപകനുമായ ശൈഖ് ഉമർ ഹഫീളും ചടങ്ങിൽ ആദരം ഏറ്റുവാങ്ങി. ഹദീസ് പഠനത്തിനു നൽകിയ സവിശേഷ സംഭാവനകളും അന്താരാഷ്ട്ര തലത്തിൽ പുതിയ പ്രബോധന സാധ്യതകൾ കണ്ടെത്തി വ്യാപിപ്പിക്കുന്നതിലും വഹിച്ച നേതൃപരമായ പങ്കിനെ മുൻനിർത്തിയാണ് ഇരു പണ്ഡിതന്മാരെയും ആദരവിന് തിരഞ്ഞെടുത്തത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി ഇന്ത്യൻ ഗ്രാൻഡ് മുഫ്തിയും ഹബീബ് ഉമർ ഹഫീളും ചേർന്നുള്ള കൂട്ടായ്മകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്ന പ്രബോധന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ ആദരം.

ആദരവ് ചടങ്ങിന് താഷ്കന്റ് സുപ്രീം ഇമാം ശൈഖ് റഹ്മതുല്ലാഹി തിർമിദി, ബുഖാറ മുഫ്തി ശൈഖ് ജാബിർ ഏലോവ്, സുർഖൻദരിയ ഖാളി ശൈഖ് അലി അക്ബർ സൈഫുല്ലാഹ് തിർമിദി എന്നിവർ നേതൃത്വം നൽകി. ഇതോടനുബന്ധിച്ച് നടന്ന പണ്ഡിത സംഗമം ചെച്നിയൻ പ്രസിഡന്റ് റമളാൻ കെദിറോവിന്റെ മതകാര്യ ഉപദേഷ്ടാവ് ശൈഖ് ആദം ശഹീദോവ് ഉദ്ഘാടനം ചെയ്തു. പാശ്ചാത്യ ലോകത്തെ പ്രമുഖ മുസ്‌ലിം പണ്ഡിതനായ ശൈഖ് യഹ്‌യ റോഡസ് വിശിഷ്ടാതിഥിയായി.ശൈഖ് ഹബീബ് ജിൻദാൻ ഇന്തോനേഷ്യ, ഹബീബ് അലി സൈനുൽ ആബിദീൻ മലേഷ്യ, സാലിം ബിൻ ഹഫീള് ഉമർ യമൻ സംഗമത്തിൽ സംസാരിച്ചു. ഇരുപത് രാജ്യങ്ങളിൽ നിന്നുള്ള പണ്ഡിതരും അതിഥികളും ചടങ്ങിൽ സംബന്ധിച്ചു. ഇമാം ബുഖാരിയുടെ വൈജ്ഞാനിക ജീവിതവും ദീനി സേവനവും അനുധാവനം ചെയ്യാൻ ആധുനിക പണ്ഡിത സമൂഹം തയ്യാറാവണമെന്ന് സംഗമം അഭിപ്രായപ്പെട്ടു.

# 'വിശ്വാസപൂർവം' പ്രകാശിതമായി

**യഥാർഥ മതമൂല്യങ്ങളെ വിശ്വാസികൾക്ക് പകർന്ന് നൽകിയ നേതാവാണ് കാന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ**



തിരുവനന്തപുരം: ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെ ആത്മകഥ 'വിശ്വാസപൂർവം' പ്രകാശിതമായി. തിരുവനന്തപുരം ഹയാത്ത് റിജൻസിയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പുസ്തകം പ്രകാശനം ചെയ്തത്. ശശി തരൂർ എം പി പുസ്തകത്തിന്റെ ആദ്യ പ്രതി സ്വീകരിച്ചു.

യഥാർഥ മതമൂല്യങ്ങളെ വിശ്വാസികൾക്ക് പകർന്ന് നൽകിയ നേതാവാണ് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മതത്തെ സമുദ്ധാരണത്തിനും സംഹാരത്തിനും ഉപയോഗിക്കാമെന്നിരിക്കെ മതത്തെ സമൂഹത്തിന്റെ സമുദ്ധാരണത്തിന് ഉപയോഗിക്കാനാണ് കാന്തപുരം ശ്രമിച്ചത്. കാന്തപുരത്തിന്റെ ആത്മകഥ 'വിശ്വാസപൂർവം' പ്രകാശനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ഥാപിത താത്പര്യങ്ങൾക്ക് വേണ്ടി വികസനത്തെ എതിർക്കുന്ന ഘട്ടത്തിൽ വികസനത്തിന് പ്രാമുഖ്യം നൽകണമെന്നാണ് കാന്തപുരത്തിന്റെ ജീവിതകഥ പറഞ്ഞുവെക്കുന്നത്. മതം രാഷ്ട്രീയത്തിൽ ഇടപെടുന്നതിന്റെ ദോഷം അനുഭവിക്കുന്ന കാലമാണ്. കേരളത്തിന് യോജിക്കാനും വിയോജിക്കാനും കഴിയുന്നൊരു മണ്ഡലമുണ്ട്. അത് തകർക്കുന്ന സാഹചര്യവും ഉയർന്നിട്ടുണ്ട്. ഈ സാഹചര്യങ്ങളിലെല്ലാം കൃത്യമായ നിലപാടെടുത്ത വ്യക്തിയാണ് കാന്തപുരമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മർകസ് നോളജ് സിറ്റി കേന്ദ്രമായി പ്രവർത്തിക്കുന്ന ഗവേഷണ സംരംഭം മലൈബാർ ഫൗണ്ടേഷൻ ഫോർ റിസർച്ച് ആൻഡ് ഡെവലപ്മെന്റാണ് പ്രസാധകർ. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന റീഡ് പ്രസ്സാണ് പുസ്തകം വിതരണം ചെയ്യുന്നത്.

പ്രകാശന ചടങ്ങിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ വൈസ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. എസ് വൈ എസ് സംസ്ഥാന സെക്രട്ടറി ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ആമുഖ പ്രഭാഷണം നടത്തി. മന്ത്രി പി രാജീവ്, മുൻ കേന്ദ്ര മന്ത്രി വി മുരളീധരൻ, പി വി അൻവർ എം എൽ എ, വ്യവസായ പ്രമുഖരായ ഡോ. സിദ്ദീഖ് അഹ്മദ്, ടി എൻ എം ജവാദ്, വണ്ടൂർ അബ്ദുർറഹ്മാൻ ഫൈസി, സയ്യിദ് ത്വാഹ സഖാഫി കുറ്റ്യാടി, ഫിർദൗസ് സഖാഫി കടവത്തൂർ എന്നിവർ സംസാരിച്ചു.

# സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് നേടി **മർകസ് പൂർവ വിദ്യാർഥി**



സിവിൽ സർവീസ് പരീക്ഷാ ഫലത്തിൽ മർകസ് പൂർവ വിദ്യാർഥിക്ക് അഭിമാന നേട്ടം. പരപ്പനങ്ങാടി പുത്തരിക്കൽ പുത്തൻ വീട്ടിൽ പി വി അബ്ദുൽ ഫസൽ ആണ് റാങ്കിൻ തിളക്കത്തിനുടമ. 507ാം റാങ്ക് നേടിയാണ് ഫസൽ പട്ടികയിൽ ഇടം നേടിയത്. കേരളത്തിൽ നിന്ന് 28ാം റാങ്കിന് ഉടമയാണ്.

പരപ്പനങ്ങാടി തഅ്ലീമുൽ ഇസ്ലാം ഹയർ സെക്കൻഡറി സ്കൂളിൽ നിന്ന് പത്താം ക്ലാസ്സ് പൂർത്തിയാക്കിയ ശേഷം പൂനൂർ മർകസ് ഗാർഡനിലാണ് പഠനം നടത്തിയത്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ നിന്ന് ചരിത്രത്തിൽ ബിരുദവും ഡൽഹി ജാമിഅ മില്ലിയ്യയിൽ നിന്ന് ബിരുദാനന്തര ബിരുദവും സ്വന്തമാക്കിയ ശേഷമാണ് സിവിൽ സർവീസിലേക്ക് തിരിയുന്നത്. നാലാം ശ്രമത്തിലാണ് ഫലം കണ്ടത്.

മർകസ് ഗാർഡനിൽ നിന്നുള്ള പ്രചോദനമാണ് സിവിൽ സർവീസ് മോഹത്തിന് പിന്നിലെന്ന് ഫസൽ പറഞ്ഞു. അവിടെ നിന്ന് പരിശീലനം ലഭിച്ചിരുന്നുവെന്ന് ഫസൽ പറഞ്ഞു. പി എസ് സി ചരിത്ര വിഭാഗം അസ്സിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നടത്തിയ പരീക്ഷയിൽ ഒമ്പതാം റാങ്ക് നേടി നിയമനം കാത്തിരിക്കെയാണ് സിവിൽ സർവീസ് നേട്ടം കൈയിലെത്തുന്നത്. നിലവിൽ തിരുവനന്തപുരം ഐലേൺ ഐ എ എസ് അക്കാദമിയിൽ ഹിസ്റ്ററി വിഭാഗത്തിൽ പരിശീലനം നൽകി വരികയാണ്. പുത്തൻ വീട്ടിൽ മുഹമ്മദ് ബാവ അസ്റാബി ദമ്പതികളുടെ മകനാണ്.

# **സിവിൽ സർവീസ് റാങ്ക് ജേതാവ്** കാന്തപുരത്തെ സന്ദർശിച്ചു



കാരന്തൂർ: മർകസ് പൂർവ വിദ്യാർഥിയും സിവിൽ സർവീസ് റാങ്ക് ജേതാവുമായ അബ്ദുൽ ഫസൽ കാന്തപുരം എ. പി അബൂബക്കർ മുസ്ലിയാരെ സന്ദർശിച്ചു. 507ാം റാങ്ക് നേടിയ ഫസൽ മർകസ് സെന്റർ ഓഫ് എക്സലൻസായ ജാമിഅ മദീനത്തുന്നൂറിലാണ് ഹയർസെക്കണ്ടറി, ബിരുദ പഠനം നടത്തിയത്. അബ്ദുൽ ഫസലിന്റെ നേട്ടത്തിൽ സന്തോഷമറിയിച്ച കാന്തപുരം പരിശീലനകാലത്തും തുടർന്നും മികച്ച പ്രകടനം കാഴ്ചവെക്കാനും ഭാവിയിൽ കൂടുതൽ ഉന്നത നേട്ടങ്ങൾ കരസ്ഥമാക്കാനും അദ്ദേഹത്തിന് സാധിക്കട്ടെ എന്നാശംസിച്ചു. 2007ൽ സ്ഥാപിതമായ മർകസ് ഗാർഡൻ സിവിൽ സർവീസ് അക്കാദമിയിലെ പരിശീനവും മർകസ് സാരഥികളുടെ പിന്തുണയും പഠനജീവിതത്തിൽ കരുത്തുപകർന്നിട്ടുണ്ട് എന്ന് അബ്ദുൽ ഫസൽ പറഞ്ഞു.

## എസ്.എസ്.എൽ.സി; **മികവ് പുലർത്തി മർകസ് സ്കൂളുകൾ**

കോഴിക്കോട്: മർകസു സ്സഖാഫത്തി സുന്നിയ്യക്ക് കീഴിലുള്ള 9 സ്കൂളുകൾക്ക് എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറുമേനി വിജയം. കാരന്തൂർ മർകസ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കാരന്തൂർ മർകസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കൂമ്പാറ ഫാത്തിമാബി മെമ്മോറിയിൽ ഹയർ സെക്കണ്ടറി, മർകസ് ഇന്റർനാഷണൽ സ്കൂൾ എരഞ്ഞിപ്പാലം, മർകസ് പബ്ലിക് സ്കൂൾ എ.ആർ നഗർ, ഒ ഖാലിദ് മെമ്മോറിയൽ ഇംഗ്ലീഷ് സ്കൂൾ ചൊക്ലി, മർകസ് പബ്ലിക് സ്കൂൾ ഐക്കരപ്പടി, മമ്പഉൽ ഹുദ ഇംഗ്ലീഷ് സ്കൂൾ കേച്ചേരി എന്നീ സ്കൂളുകൾ നൂറു ശതമാനം വിജയം കൈവരിച്ചു. ചേരാനെല്ലൂർ അൽ ഫാറൂഖിയ്യ ഹയർ സെക്കണ്ടറി സ്കൂളിൽ 98.8 ശതമാനം പേർ വിജയികളായി. 9 സ്കൂളുകളിലായി 118 വിദ്യാർഥികൾ ഫുൾ എ പ്ലസ് കരസ്ഥമാക്കി.

# പുരോഗതി സാധ്യമാവണമെങ്കിൽ മനുഷ്യർക്കിടയിലെ ഒരുമ പ്രധാനം:

## ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ

ശരിയായ വികസനവും പുരോഗതിയും സാധ്യമാവണമെങ്കിൽ മനുഷ്യർക്കിടയിലെ ഒരുമയും ഐക്യവും ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്ന് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. മതങ്ങൾക്കിടയിലെ ഐക്യവും സൗഹാർദ്ദവും സഹവർത്തിത്വവും ലക്ഷ്യം വെച്ച് മലേഷ്യൻ സർക്കാരിന്റെയും മുസ്‌ലിം വേൾഡ് ലീഗിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര മതനേതൃത്വ സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ‘ശാസ്ത്ര സാങ്കേതിക രംഗത്ത് ലോകത്ത് വലിയ മുന്നേറ്റങ്ങൾ സാധ്യമായ ഇക്കാലത്തും സമൂഹങ്ങൾക്കും മതങ്ങൾക്കുമിടയിൽ വിള്ളലുകൾ സൃഷ്ടിക്കുന്ന സംഭവങ്ങൾക്ക് ആധുനിക ലോകം സാക്ഷ്യം വഹിക്കുന്നുണ്ട്. വിശ്വസിക്കുന്ന മതത്തിന്റെയും സംസാരിക്കുന്ന ഭാഷയുടെയും ചർമ നിറത്തിന്റെയും വ്യത്യാസങ്ങൾക്കപ്പുറത്തേക്ക് മനുഷ്യനെ കാണാനും ആശയവിനിമയം നടത്താനും സാധിച്ചെങ്കിൽ മാത്രമേ പുരോഗമന ജനതയെന്ന് അവകാശപ്പെടുന്നതിൽ അർഥമുള്ളൂ. മതത്തിന്റെ പേരിൽ ഫലസ്തീനിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകളും പിഞ്ചുകുട്ടികളുമടങ്ങുന്ന ആയിരങ്ങൾക്ക് വേണ്ടി ശബ്ദിക്കാനും ഇസ്രയേലിന്റെ മനുഷ്യത്വ രഹിത നടപടികളെ എതിർക്കാനും എല്ലാ വ്യത്യാസങ്ങളും മറികടന്ന് ലോകജനത ഒന്നിക്കണമെന്ന്’ ഗ്രാൻഡ് മുഫ്തി ആഹ്വാനം ചെയ്തു.

സെലാൻഗോറിലെ പെറ്റാലിങ് ജയയിൽ നടന്ന സമ്മേളനത്തിൽ 57 രാഷ്ട്രങ്ങളിൽ നിന്നുള്ള 2000 ത്തോളം അതിഥികൾ സംബന്ധിച്ചു. മലേഷ്യൻ മതകാര്യ വകുപ്പ് മന്ത്രി ഡോ. മുഹമ്മദ് നഈം ബിൻ മുഖ്താർ അധ്യക്ഷത വഹിച്ച സമ്മേളനം പ്രധാനമന്ത്രി അൻവർ ഇബ്റാഹീം ഉദ്ഘാടനം ചെയ്തു. മുസ്‌ലിം വേൾഡ് ലീഗ് സെക്രട്ടറി ജനറൽ ഡോ. ശൈഖ് മുഹമ്മദ് അബ്ദുൽ കരീം അൽ ഇസ്സ പ്രമേയാനുബന്ധ വിഷയാവതരണം നടത്തി. മതനേതാക്കൾ ഒരുമിച്ചിരിക്കുന്ന ചർച്ചകൾക്കും നടപ്പാക്കുന്ന പദ്ധതികൾക്കും വലിയ പ്രാധാന്യമുണ്ടെന്നും വൈവിധ്യങ്ങൾ നിലനിൽക്കുമ്പോഴും ഒരുമയിലൂടെ മാത്രമേ പുരോഗതി സാധ്യമാവൂ എന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി അൻവർ ഇബ്റാഹീം പറഞ്ഞു: ‘വർഗീയമോ രാഷ്ട്രീയമോ മതപരമോ ആയ സംഘർഷങ്ങളെ കുറിച്ച് കേൾക്കാത്ത ഒരു ദിവസവും ലോകത്തെവിടെയും കടന്നുപോവുന്നില്ല. മതങ്ങളും സമൂഹങ്ങളും തമ്മിലുള്ള സഹവർത്തിത്വത്തിലൂടെ മാത്രമേ ഇത് പരിഹരിക്കാനാവുകയുള്ളൂ എന്നും ഇത്തരം വേദികൾക്ക് വരും വർഷങ്ങളിലും മലേഷ്യ ആതിഥേയത്വം വഹിക്കുമെന്നും’ അദ്ദേഹം പറഞ്ഞു.

മലേഷ്യൻ മന്ത്രിമാരായ ഫഹ്മി ഫാദ്സിൽ, സാംബ്രി അബ്ദുൽ ഖാദിർ, ചീഫ് സെക്രട്ടറി മുഹമ്മദ് സുകി അലി, കംബോഡിയൻ ഇസ്‌ലാമിക് അഫേഴ്സ് സീനിയർ മന്ത്രി ഹസൻ ഒസ്മാൻ, മലേഷ്യൻ മുഫ്തി ഡോ. ലുഖ്മാൻ ബിൻ ഹാജി അബ്ദുല്ല, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്‌ലാമിക് അണ്ടർസ്റ്റാൻഡിങ് ചെയർമാൻ ഡോ. മുഹമ്മദ് നൂർ മാനുട്ടി, ക്രിസ്ത്യൻ ഫെഡറേഷൻ ചെയർമാൻ ബിഷപ് ഫിലിപ് തോമസ്, വിവിധ രാഷ്ട്രങ്ങളെയും മതങ്ങളെയും ആരാധനാലയങ്ങളെയും കൂട്ടായ്മകളെയും പ്രതിനിധീകരിച്ച് മത നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങി നിരവധി പ്രമുഖർ സംബന്ധിച്ചു.



# ആത്മീയാനന്ദമായി
# ഗ്രാൻഡ് മുഫ്തിയുടെ ബുഖാരി ദർസ്

**ഇമാം ബുഖാരി മുന്നോട്ടുവെച്ച മാതൃകകൾ ശീലിക്കാൻ ആധുനിക പണ്ഡിതർ മുന്നോട്ടു വരണം**

സ്വഹീഹുൽ ബുഖാരി അധ്യാപന രംഗത്ത് ആറു പതിറ്റാണ്ട് പിന്നിടുന്ന ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ സമർഖന്ദിലെ ഇമാം ബുഖാരിയുടെ അന്ത്യവിശ്രമ കേന്ദ്രത്തിൽ മഹാ പണ്ഡിതരെയും 20 രാജ്യങ്ങളിൽ നിന്നുള്ള അതിഥികളെയും സാക്ഷി നിർത്തി ബുഖാരിയിലെ ഹദീസ് വാചകങ്ങൾ ചൊല്ലിക്കൊടുത്തപ്പോൾ പുലർന്നത് ചരിത്രം. വിശുദ്ധ ഖുർആന് ശേഷം ഇസ്‌ലാം മത വിശ്വാസികൾ പവിത്രവും ആധികാരികവുമായി കരുതുന്ന ലോകപ്രശസ്ത ഹദീസ് ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരിയുടെ രചയിതാവ് ഇമാം ബുഖാരിയുടെ വിയോഗ വാർഷികാച രണത്തിന്റെ ഭാഗമായി ഇന്നലെ(ഞായർ)യാണ് ലോക പ്രശസ്ത പണ്ഡിതർ ഒരുമിച്ചുകൂടിയ ബുഖാരി ഗ്രാൻഡ് ദർസ് നടന്നത്. ഉസ്ബസ്കിസ്ഥാൻ മതകാര്യ വകുപ്പിന്റെയും മുഫ്തിമാരുടെയും വിവിധ പണ്ഡിത കൂട്ടായ്മകളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച അനുസ്മരണ പണ്ഡിത സംഗമത്തിൽ നിരവധി പേർ പങ്കെടുത്തു. പണ്ഡിതനും യമനിലെ ദാറുൽ മുസ്തഫ സ്ഥാപകനുമായ ഹബീബ് ഉമർ ബിൻ ഹഫീളായിരുന്നു ചടങ്ങിൽ വിശിഷ്ടാതിഥി.



കഴിഞ്ഞ അറുപത് വർഷത്തിലധികമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വഹീഹുൽ ബുഖാരി ദർസ് നടത്തുകയും ആയിരക്കണക്കിന് ശിഷ്യരെ സമ്പാദിക്കുകയും ഹദീസ് പ്രചാരണത്തിനും വ്യാപനത്തിനുമായി പരിശ്രമിക്കുകയും ചെയ്യുന്ന ഗ്രാൻഡ് മുഫ്തിയുടെ സേവനങ്ങൾക്ക് ഇമാം ബുഖാരിയുടെ ജന്മനാട് ഒരുക്കിയ ആദരവ് കൂടിയായിരുന്നു ഇമാം ബുഖാരിയുടെ അന്ത്യവിശ്രമ കേന്ദ്രത്തിലെ ഈ ദർസ്. ഇമാം ബുഖാരിയുടെ സാമീപ്യം, ഓർമദിനം, ലോകത്തെ തലയെടുപ്പുള്ള പണ്ഡിതരുടെ സാന്നിധ്യം എന്നിങ്ങനെ ആത്മീയവും വൈകാരികവുമായ നിരവധി ഘടകങ്ങൾ സമ്മേളിച്ച വേദിയിൽ നടന്ന ദർസ് ഏവരുടെയും മനം കവർന്നു. 'തന്റെ അറുപത് വർഷത്തെ അധ്യാപന ചരിത്രത്തിലെ അത്യപൂർവ അനുഭവമാണ് ഇതെന്നും മുമ്പ് ഇവിടെ വന്നിട്ടുണ്ടെങ്കിലും പ്രായമേറിയ സമയത്തും ഈ ചടങ്ങിനെത്തിയത് ഇമാം ബുഖാരിയെ അനുസ്മരിച്ച് അദ്ദേഹത്തിന്റെ ജന്മനാട് ഒരുമിച്ചുകൂടിയത് കൊണ്ടാണെന്നും ഗ്രാൻഡ് മുഫ്തി പറഞ്ഞു. ഉസ്ബക് ജനതയുടെ ഈ ആദരവും വരവേൽപ്പും സ്വഹീഹുൽ ബുഖാരിക്ക് ചെയ്ത എളിയ സേവനത്തിനുള്ള അംഗീകാരമായാണ് കാണുന്നത്. ഇമാം ബുഖാരി മുന്നോട്ടുവെച്ച മാതൃകകൾ ശീലിക്കാൻ ആധുനിക പണ്ഡിതർ മുന്നോട്ടു വരണം - ഗ്രാൻഡ് മുഫ്തി പറഞ്ഞു.

ഇസ്‌ലാമിന്റെ മധ്യമ നിലപാട് ലോകത്ത് പ്രചരിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഇന്ത്യയിലെയും യമനിലെയും സുന്നി പണ്ഡിതർക്ക് മുസ്‌ലിം ലോകത്ത് ലഭിക്കുന്ന സ്വീകാര്യത വിളംബരം ചെയ്യുന്ന വിവിധ പരിപാടികളാണ് ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെയും ഹബീബ് ഉമർ ഹഫീളിന്റെയും നേതൃത്വത്തിൽ കഴിഞ്ഞ നാലു ദിവസമായി ഉസ്ബസ്കിസ്ഥാനിലെ വിവിധ പ്രവിശ്യകളിൽ നടന്നുവരുന്നത്. ഉസ്ബസ്കിസ്ഥാൻ ഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വിവിധ പരിപാടികളിലും ഗ്രാൻഡ് മുഫ്തി പങ്കെടുത്തു.

ബ്രിട്ടൻ, അമേരിക്ക, മലേഷ്യ, ഇന്തോനേഷ്യ, ആഫ്രിക്ക, ജി.സി.സി തുടങ്ങിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മുന്നൂറോളം പണ്ഡിതരും അതിഥികളും പങ്കെടുത്ത ദർസിൽ താഷ്കന്റ് സുപ്രീം ഇമാം ശൈഖ് റഹ്മത്തുല്ലാഹി തിർമിദി അധ്യക്ഷത വഹിച്ചു. സമർഖന്ദ് മുഫ്തി ശൈഖ് സൈനുദ്ദീൻ സംബന്ധിച്ചു.

# മലേഷ്യൻ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി ഗ്രാൻഡ് മുഫ്തി

ഇരു രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദവും മാനവ നന്മക്കായി ഇരുവരുടെയും കീഴിൽ നടക്കുന്ന പദ്ധതികളും സംസാരവിഷയമായി.



മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്റാഹീമുമായി കൂടിക്കാഴ്ച നടത്തി ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. പുത്രജയയിലെ പ്രധാനമന്ത്രിയുടെ ഓഫീസിൽ നടന്ന കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദവും മാനവ നന്മക്കായി ഇരുവരുടെയും കീഴിൽ നടക്കുന്ന പദ്ധതികളും സംസാരവിഷയമായി. സെലാൻഗോറിലെ പെറ്റാലിങ് ജയയിൽ നടന്ന അന്താരാഷ്ട്ര മതനേതൃത്വ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായാണ് ഗ്രാൻഡ് മുഫ്തി മലേഷ്യയിലെത്തിയത്. സമ്മളനത്തിനിടെ ഗ്രാൻഡ് മുഫ്തി പങ്കുവെച്ച നിർദേശങ്ങളിൽ സന്തോഷം രേഖപ്പെടുത്തിയ പ്രധാനമന്ത്രി, മലേഷ്യൻ ജനതയോട് പുലർത്തുന്ന സ്നേഹത്തിൽ നന്ദി അറിയിച്ചു. മലേഷ്യൻ ജനതയുടെ മതപരവും വൈജ്ഞാനികവുമായ അഭിവൃദ്ധി ലക്ഷ്യം വെച്ച് വരും വർഷങ്ങളിൽ സ്വഹീഹുൽ ബുഖാരി സംഗമങ്ങൾ നടത്തുന്നതിനെ കുറിച്ചും ഇരുവരും ചർച്ചചെയ്തു. വിദ്യാഭ്യാസ-സാമൂഹ്യക്ഷേമ മേഖലയിലെ മർകസിന്റെ ഭാവി പദ്ധതികൾ പ്രധാനമന്ത്രി അന്വേഷിക്കുകയും ആശംസകൾ നേരുകയുമുണ്ടായി.

കഴിഞ്ഞ ജൂലൈയിൽ മുസ്‌ലിം പണ്ഡിതർക്കുള്ള മലേഷ്യൻ സർക്കാരിന്റെ പരമോന്നത ബഹുമതിയായ ഹിജ്റ പുരസ്കാരം ലഭിച്ചതിന് ശേഷം ഇതാദ്യമായാണ് ഗ്രാൻഡ് മുഫ്തി രാജ്യത്തെത്തുന്നത്. കഴിഞ്ഞ സന്ദർശനത്തിനിടെ വിവിധ സർവകലാശാലകളുമായും സന്നദ്ധ സംഘടനകളുമായും ഇടപെടലുകൾ നടത്തുകയും മതപണ്ഡിതർക്കും പൊതുജനങ്ങൾക്കുമായി സർക്കാർ ആഭിമുഖ്യത്തിൽ വിജ്ഞാന സദസ്സുകൾ നടത്തുകയും ചെയ്തതിനാൽ തന്നെ ഗ്രാൻഡ് മുഫ്തിയുടെ സന്ദർശനത്തെ ഏറെ പ്രതീക്ഷയോടെയാണ് മലേഷ്യൻ ജനതയും പ്രവാസികളും ഉറ്റുനോക്കുന്നത്. ഇന്ത്യൻ പ്രവാസികൾ ആശങ്കപ്പെടുന്ന വിസാ സങ്കീർണതകളും 45 വയസ്സിന് മുകളിലുള്ളവർക്ക് വർക്കിംഗ് പെർമിറ്റ് ലഭിക്കാത്ത സാഹചര്യവും അനുഭാവപൂർവം പരിഗണിക്കണമെന്ന് കൂടിക്കാഴ്ചക്കിടെ ഗ്രാൻഡ് മുഫ്തി ആവശ്യപ്പെട്ടു. ചതുർദിന സന്ദർശനത്തിനിടെ മലേഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി ഡോ. അഹ്മദ് സാഹിദ് ബിൻ ഹാമിദി, മുഫ്തി ഡോ. ലുഖ്മാൻ ബിൻ ഹാജി അബ്ദുല്ല, വിവിധ ഇൻസ്റ്റിറ്റ്യൂട്ട് മേധാവികൾ, പൗരപ്രമുഖർ എന്നിവരുമായും ഗ്രാൻഡ് മുഫ്തി കൂടിക്കാഴ്ചനടത്തി. മർകസ് പ്രൊ-ചാൻസിലർ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, എസ്. എസ്. എഫ് ഇന്ത്യ ജനറൽ സെക്രട്ടറി സി പി ഉബൈദുല്ല സഖാഫി, മലേഷ്യൻ സർക്കാരിന് കീഴിലുള്ള യാദിം ഡയറക്ടർ ബോർഡ് അംഗമായ ബശീർ മുഹമ്മദ് അസ്ഹരി കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.

ശൈഖ് ഉത്വയ്ബ
# കേരളത്തിന്റെ ഉറ്റ മിത്രം ഗ്രാൻഡ് മുഫ്തി



കഴിഞ്ഞ മാസം വിടപറഞ്ഞ യു എ ഇ പൗരപ്രമുഖനും കവിയുമായ ശൈഖ് സഈദ് ബിൻ അഹ്മദ് അൽ ഉത്വയ്ബ കേരളത്തിന്റെ ഉറ്റമിത്രവും ഇന്ത്യക്കാരെയും മലയാളികളെയും ഏറെ സ്നേഹിച്ച വ്യക്തിയുമായിരുന്നെന്ന് ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. മർകസിൽ നടന്ന ശൈഖ് ഉത്വയ്ബ അനുസ്മരണ ഖത്മുൽ ഖുർആൻ പ്രാർഥനാ സദസ്സിന് നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. സുന്നി പ്രസ്ഥാനങ്ങൾക്ക് കീഴിൽ നടക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾക്ക് വലിയ സഹായങ്ങൾ ചെയ്ത വ്യക്തിയായിരുന്നു ശൈഖ് ഉത്വയ്ബയെന്നും മർകസിന്റെ വിദ്യാഭ്യാസ മുന്നേറ്റങ്ങളിൽ അദ്ദേഹത്തിനുള്ള പങ്ക് വിലമതിക്കാനാവാത്തതാണെന്നും ഗ്രാൻഡ് മുഫ്തി അനുസ്മരിച്ചു. വ്യക്തിപരമായ സൗഹൃദം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമിച്ചും നന്മയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ ചെയ്തും നാടിന്റെ സാമൂഹ്യ വികസനത്തിനായി അദ്ദേഹം വിനിയോഗിച്ചു. ശൈഖ് ഉത്വയ്ബയുടെ കേരളത്തിനോടുള്ള സ്നേഹത്തിൽ നന്ദിയും കടപ്പാടും പ്രാർഥനയും ഉണ്ടാവണമെന്നും കാന്തപുരം പറഞ്ഞു.

നോളജ് സിറ്റിയിൽ
## സ്കൂൾ ഓഫ് കൊമേഴ്സ് പ്രവർത്തനമാരംഭിച്ചു




നോളജ് സിറ്റി: ഹിൽസിനായി സെന്റർ ഓഫ് എക്സലൻസും ഹിസാബ് സ്കൂൾ ഓഫ് കൊമേഴ്സും സംയുക്തമായി മർകസ് നോളജ് സിറ്റിയിൽ ആരംഭിച്ച സി എ, സി എം എ ഫൗണ്ടേഷൻ ബാച്ചിന്റെ പഠനാരംഭവും കോഴ്സ് ഉദ്ഘാടനവും നടന്നു. മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ഉദ്ഘാടനം ചെയ്തു. സി ഇ ഒ ഡോ. അബ്ദുസ്സലാം മുഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. സി എ ഒ അഡ്വ. തൻവീർ ഉമർ അധ്യക്ഷത വഹിച്ചു.

# പ്രബോധകർ ലക്ഷ്യബോധമുള്ളവരാവണം
-കാന്തപുരം ഉസ്താദ്



കാരന്തൂർ: സാമൂഹ്യ പ്രവർത്തനത്തിനിറങ്ങുന്ന പ്രബോധകരുടെ സംസാരവും ഇടപെടലും വ്യക്തിജീവിതവും ജനമനസ്സുകളെ സ്വാധീനിക്കുന്നതും പൊതു സമൂഹത്തിനും സ്വന്തത്തിനും ഉപകാരപ്രദവുമാവണമെന്ന് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. ലക്ഷ്യബോധത്തോടെയും ആസൂത്രണത്തോടെയുമാവണം പ്രവർത്തനങ്ങൾ എന്നും മർകസ് വിദ്യാർഥി യൂണിയൻ ജനറൽ ബോഡി ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു.

# സൗരോർജ തിളക്കത്തിൽ മർകസ്; സോളാർ പദ്ധതിയുടെ ആദ്യഘട്ടം കമ്മീഷൻ ചെയ്തു.



കോഴിക്കോട്: ഊർജ സംരക്ഷണ രംഗത്തെ നവീന മാതൃകകൾ പ്രാവർത്തികമാക്കി മർകസ്. സമ്പൂർണ സോളാർ ക്യാമ്പസ് പദ്ധതിയുടെ ആദ്യഘട്ടം മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു.

സെൻട്രൽ ക്യാമ്പസിലെ മസ്ജിദുൽ ഹാമിലിയുടെ മുകൾവശത്ത് സജ്ജീകരിച്ച 50 കിലോവാട്ട് പവർ ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റിൽ നിന്ന് ഒരു ദിവസം പരമാവധി 200 യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിക്കാൻ സാധിക്കുക. ഇതിലൂടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം അരലക്ഷം രൂപ ലാഭിക്കാൻ സാധിക്കും.

മർകസ് നോളേജ് സിറ്റിയിലെ ഹൊഗർ ടെക്നോളജീസ് ആൻഡ് ഇന്നോവേഷൻസ് കമ്പിനിയാണ് പദ്ധതി സാക്ഷാത്കരിച്ചത്. പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ കേന്ദ്രമാവുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി പദ്ധതിയുടെ അടുത്ത ഘട്ട നിർമാണം ഉടനെ ആരംഭിക്കും. ഇതോടെ സൗരോർജത്തിൽ പ്രവർത്തിക്കുന്ന വൻകിട സ്ഥാപനങ്ങളുടെ പട്ടികയിൽ ഇനി മർകസും ഇടംപിടിക്കും.

2006-ൽ സംസ്ഥാനത്തെ തന്നെ മികച്ച മലിനജല ശുദ്ധീകരണ പ്ലാന്റ് സമർപ്പിച്ച് മർകസ് വാർത്തകളിൽ ഇടം നേടിയിരുന്നു. പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ്, ബയോഗ്യാസ് പ്ലാന്റ്, റീ സൈക്ലിംഗ് യൂണിറ്റ്, ക്യാമ്പസ് ജൈവ കൃഷിത്തോട്ടം, മത്സ്യകൃഷി എന്നിവയും പരിസ്ഥിതി സംരക്ഷണ- മാലിന്യ നിർമാർജന രംഗത്തെ പ്രധാന മർകസ് പദ്ധതികളാണ്.

## ബോയ്സ് സ്കൂൾ **അധ്യാപകന് തേർഡ് ഓഫീസർ പദവി ലഭിച്ചു**

കുന്ദമംഗലം: കാരന്തൂർ മർകസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ ഉറുദു അധ്യാപകനും അസോസിയേറ്റ് എൻ സി സി ഓഫീസറുമായ കെ വി അഹ്മദിന് തേർഡ് ഓഫീസർ പദവി ലഭിച്ചു. നാഗ്പൂർ ഓഫീസർസ് ട്രെയിനിങ് അക്കാദമിയിലെ രണ്ടുമാസം നീണ്ടുനിൽക്കുന്ന മിലിട്ടറി കായിക പരിശീലനത്തിനും ആയുധ പരിശീലനത്തിനും ശേഷം പ്രായോഗിക പരീക്ഷ, സർവീസ് വിഷയങ്ങളിലുള്ള എഴുത്തു പരീക്ഷ എന്നിവയ്ക്ക് ശേഷമാണ് തേർഡ് ഓഫീസർ പദവി ലഭിച്ചത്. 30 കേരള എൻസിസി ബറ്റാലിയൻ കോഴിക്കോടിനു കീഴിലുള്ള അസോസിയേറ്റ് എൻസിസി ഓഫീസർ ആയ അഹ്മദ് നാദാപുരം കുറുവന്തേരി സ്വദേശിയാണ്.



# ശൈഖ് തഹ്നൂന്റെ നിര്യാണത്തിൽ അനുശോചനമറിയിച്ച് ഗ്രാൻഡ് മുഫ്തി



കോഴിക്കോട്: അബുദാബി രാജകുടുംബാംഗവും അൽഐൻ ഉൾപ്പെടുന്ന കിഴക്കൻ പ്രവിശ്യയിലെ ഭരണാധിപ പ്രതിനിധിയുമായ ശൈഖ് തഹ്നൂൻ ബിൻ മുഹമ്മദ് ആൽ നഹ്യാന്റെ വിയോഗത്തിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ അനുശോചനമറിയിച്ചു. ആധുനിക എമിറേറ്റ്സ് കെട്ടിപ്പടുക്കുന്നതിൽ സവിശേഷ പങ്കുവഹിച്ച ശൈഖ് തഹ്നൂനുമായി ഏറെ നാളത്തെ വ്യക്തിബന്ധമാണ് തനിക്ക് ഉണ്ടായിരുന്നത്. ഇന്ത്യയും യു എ ഇയുമായുള്ള ബന്ധം അഭിവൃദ്ധിപ്പെടുത്തുന്നതിൽ കാര്യമായ ഇടപെടലുകൾ നടത്തുകയും കൂടിക്കാഴ്ചകളിൽ പ്രവാസി ഇന്ത്യക്കാരുടെ ക്ഷേമ സംബന്ധമായി പലപ്പോഴും അദ്ദേഹം സംസാരിക്കുകയും ചെയ്തു. നന്മ നിറഞ്ഞ പ്രവർത്തനങ്ങളെയും സാമൂഹ്യക്ഷേമ പദ്ധതികളെയും അങ്ങേയറ്റം സ്നേഹിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്ന ശൈഖ് തഹ്നൂന്റെ വിയോഗം അങ്ങേയറ്റം ദുഃഖിപ്പിക്കുന്നതാണ്. രാജകുടുംബത്തിന്റെയും യു എ ഇ ജനതയുടെയും പ്രവാസി ഇന്ത്യക്കാരുടെയും വേദനയിൽ പങ്കുചേരുന്നു. പരലോക ജീവിതം സന്തോഷകരമാവാനും കുടുംബാംഗങ്ങൾക്ക് ക്ഷമയും സമാധാനവും ഉണ്ടാവാനും പ്രാർഥിക്കുന്നുവെന്നും ഗ്രാൻഡ് മുഫ്തി അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യക്കാരെ അങ്ങേയറ്റം സ്നേഹിക്കുകയും വിവിധ പദ്ധതികൾക്ക് പിന്തുണ നൽകുകയും ചെയ്ത ശൈഖിന്റെ വിയോഗത്തെ തുടർന്ന് യു എ ഇ പ്രഖ്യാപിച്ച ദുഃഖാചരണത്തിൽ എല്ലാ പ്രവാസികളും പങ്കാളികളാകാനും ഇന്ത്യയിലെ വിവിധ പള്ളികളിലും മദ്റസകളിലും വിദ്യാഭ്യാസ കേന്ദ്രങ്ങളിലും പ്രാർഥന നടത്താനും ഗ്രാൻഡ് മുഫ്തി ആഹ്വാനം ചെയ്തു.

# നവോത്ഥാനത്തിന്റെ തുടർച്ച; വനിതകൾ ദൗത്യം നിർവഹിക്കണം:

## കാന്തപുരം ഉസ്താദ്




കൈതപ്പൊയിൽ: വൈജ്ഞാനിക നവോത്ഥാനത്തിന്റെ തുടർച്ച സാധ്യമാകാൻ വനിതകൾ തങ്ങളുടെ ദൗത്യം നിർവഹിക്കാൻ സജ്ജരാകണമെന്ന് കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ പറഞ്ഞു. മർകസ് നോളജ് സിറ്റിയിലെ വിറാസ് ഗേൾസിലെ പുതിയ അധ്യയന വർഷത്തെ ശരീഅ ക്ലാസുകൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അധിനിവേശ ശക്തികളെ പ്രതിരോധിക്കാനുള്ള പോരാട്ടത്തിനിടയിൽ കേരള മുസ്‌ലിംകൾക്ക് വൈജ്ഞാനിക മേഖലയിലുണ്ടായ പിന്നാക്കാവസ്ഥ പരിഹരിച്ച് മുസ്‌ലിം നവോത്ഥാനത്തിന്റെ തുടർച്ച സാധ്യമാക്കാൻ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഉലമാ ആക്റ്റിവിസം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, സ്ത്രീ വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് മതരംഗത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ കാല പാരമ്പര്യത്തിലേക്ക് തിരിച്ചെത്താൻ നമുക്ക് സാധിച്ചിട്ടില്ല. നബി(സ്വ)യുടെ സഹധർമിണി ബീവി ആഇശ(റ)യുടെ അറിവനുഭവങ്ങളുടെ മാതൃകയിൽ പഠിക്കുകയും പകർന്നുനൽകുകയും ചെയ്ത അനേകം പണ്ഡിതകൾ കേരളത്തിലുണ്ടായിരുന്നു. ഓത്തുപള്ളിയിൽ ഖുർആൻ പഠിപ്പിച്ചവരും വീടുകളിൽ ഫത്ഹുൽ മുഈൻ ഓതിക്കൊടുത്തവരുമെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു. നിലച്ചുപോയ ആ പാരമ്പര്യത്തിന്റെ തുടർച്ചയാണ് സാധ്യമാകേണ്ടത് വിറാസ് ഗേൾസ് വിഭാവനം ചെയ്യുന്നത് ആ പാരമ്പര്യത്തിന്റെ തുടർച്ചയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മറ്റെന്തിനേക്കാളും ശരീഅഃ പഠനത്തിന് പ്രാധാന്യം നൽകി വിറാസ് ഗേൾസിലെ ശരീഅ കോഴ്സ് തിരഞ്ഞെടുത്ത വിദ്യാർഥിനികളെയും അവരുടെ രക്ഷിതാക്കളേയും അദ്ദേഹം അഭിനന്ദിക്കുകയും ചെയ്തു.

# കാന്തപുരം ഉസ്താദിന്റെ ആത്മകഥ ‘വിശ്വാസപൂർവം’ പ്രീ പബ്ലിക്കേഷൻ: പങ്കാളികളായി മർകസ് ജീവനക്കാർ

കുന്ദമംഗലം: സുൽത്വാനുൽ ഉലമ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെ ആത്മകഥ വിശ്വാസപൂർവം പ്രീ പബ്ലിക്കേഷൻ ക്യാമ്പയിനിൽ മർകസു സഖാഫിത്തി സുന്നിയ്യ സെൻട്രൽ ഓഫീസ് ജീവനക്കാർ പങ്കാളികളായി. എസ് വൈ എസ് കുന്ദമംഗലം സോൺ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ മർകസ് സ്റ്റാഫ് അംഗം അബ്ദുൽ ഗഫൂർ ലത്വീഫിയിൽ നിന്ന് നൂറ് കോപ്പിക്കുള്ള ഓർഡർ സ്വീകരിച്ച്  മർകസ് ഡയറക്ടർ ജനറലും ഹജ്ജ് കമ്മറ്റി ചെയർമാനുമായ സി മുഹമ്മദ് ഫൈസി ബുക്കിംഗ് ഉദ്ഘാടനം ചെയ്തു.



## വെളിച്ചം നൽകി കരിയർ ഗൈഡൻസ്




നോളജ് സിറ്റി : വില്ലേജ് എംപവർമെന്റ് പ്രോജക്ടിന് കീഴിൽ  മർകസ് നോളജ് സിറ്റിയിൽ സൗജന്യ കരിയർ ഗൈഡൻസ് സംഘടിപ്പിച്ചു. എസ് എസ് എൽ സി, പ്ലസ് ടു പഠനം പൂർത്തീകരിച്ച് തുടർപഠനത്തിനായൊരുങ്ങുന്ന വിദ്യാർഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും വേണ്ടിയാണ് സെഷൻ സംഘടിപ്പിച്ചത്. നോളജ് സിറ്റി സി എഫ് പി എം ഒ ഡോ. നിസാം റഹ്മാൻ ഉദ്ഘാടനം ചെയ്തു. സി എഫ് ഒ യൂസുഫ് അലി നൂറാനി അധ്യക്ഷത വഹിച്ചു. ഡോ. മൻസൂർ അലി, ജാഫർ സാദിഖ് പുളിയക്കോട് സെഷനുകൾക്ക് നേതൃത്വം കൊടുത്തു. ഉനൈസ് സഖാഫി കാന്തപുരം, ആബിദ് സഖാഫി ദ്വാരക,  സലീം കളപ്പുറം സംസാരിച്ചു.

## ഫോട്ടോഗ്രാഫി ശിൽപശാല സംഘടിപ്പിച്ചു



നോളജ് സിറ്റി: മർകസ് നോളജ് സിറ്റി പബ്ലിക് റിലേഷൻ ഡിപാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന ഫോട്ടോഗ്രാഫി ശിൽപശാല സംഘടിപ്പിച്ചു. പ്രമുഖ ഫോട്ടോഗ്രഫി ട്രൈനർ നജ്മു ഐഷൂട്ട്, ഫോട്ടോ ജേണലിസ്റ്റ് ഹസനുൽ ബസരി പി കെ എന്നിവർ സെഷനുകൾ നയിച്ചു. ലാൻഡ് മാർക് ക്ലബ് ഹൗസിൽ വെച്ച് നടന്ന ശിൽപശാലയിൽ ഫോട്ടോഗ്രഫിയുമായി ബന്ധപ്പെട്ട ക്ലാസ്സുകളും പരിശീലനവും നടന്നു. ഉനൈസ് സഖാഫി, മുഹമ്മദ് ഉവൈസ് എം, മുബഷിർ അഹ്മദ്, മൻസൂർ എ ഖാദിർ സംസാരിച്ചു.

## മെംസ് ഇന്റർനാഷനൽ സ്കൂളിലെ വിജയികളെ അനുമോദിച്ചു

കുന്ദമംഗലം: കാരന്തൂർ മെംസ് ഇന്റർനാഷനൽ സ്കൂളിലെ എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു. മർകസ് ഡയറക്ടർ സി പി ഉബൈദുല്ല സഖാഫി ഉദ്ഘാടനം ചെയ്തു.

# റൈഹാൻ വാലിയിലേക്ക് പുതപ്പ് കിറ്റുകൾ നൽകി




കാരന്തൂർ: മർകസ് റൈഹാൻ വാലി അനാഥ മന്ദിരത്തിലെ വിദ്യാർഥികൾക്ക് പുതപ്പും തലയിണയും അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. പ്രമുഖ ഇംഗ്ലീഷ് മരുന്ന് ഉൽപാദന കമ്പനിയായ മാൻകൈൻഡ് ഫാർമ ലിമിറ്റഡാണ് കിറ്റുകൾ നൽകിയത്. ഇഖ്റ ഹോസ്പിറ്റലിലെ ഇ ൻ ടി വിഭാഗം ഡോക്ടറായ ഡോ. ശാഹുൽ ഹമീദ് കിറ്റുകൾ കൈമാറി. മർകസ് ഡയറക്ടർ ജനറലും കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനുമായ സി മുഹമ്മദ് ഫൈസി ചടങ്ങിന് നേതൃത്വം നൽകി.
മർകസ് ഗ്ലോബൽ കൗൺസിൽ സി.ഇ.ഒ സി പി ഉബൈദുല്ല സഖാഫി, ഡയറക്ടർ ഇൻചാർജ് അക്ബർ ബാദുഷ സഖാഫി, സി.എ.ഒ വി എം റശീദ് സഖാഫി, ഓർഫനേജ് മാനേജർ സി പി സിറാജ് സഖാഫി എന്നിവർ ചേർന്ന് കിറ്റുകൾ ഏറ്റുവാങ്ങി. മാൻകൈൻഡ് ഫാർമയുടെ മാനേജർമാരായ രൂപേഷ്, മുജീബ് റഹ്മാൻ ജീവനക്കാരായ സഫ്‌വാൻ, നിതിൻ തുടങ്ങിയവർ സംബന്ധിച്ചു. സി എസ് ആർ പദ്ധതിയുടെ ഭാഗമായി മാൻകൈൻഡ് ഫാർമ ഇന്ത്യയിലുടനീളമുള്ള വൃദ്ധസദനങ്ങളിലേക്കും ഓർഫനേജുകളിലേക്കും പുതപ്പ് കിറ്റുകൾ വിതരണം ചെയ്തു വരികയാണ്.

വായന മാസാചരണം;

## വരയാൽ എസ്.എൻ.എം.എൽ.പി സ്കൂൾ വിദ്യാർഥികൾ വായനശാല സന്ദർശിച്ചു

മാനന്തവാടി: വരയാൽ എസ്.എൻ.എം എൽ പി സ്കൂൾ വായന മാസാചരണത്തിന്റെ ഭാഗമായി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർഥികൾ ടാഗോർ ഗ്രന്ഥാലയവും വായനശാലയും സന്ദർശിച്ചു. വിദ്യാർത്ഥികൾക്ക് മധുരം നൽകി ലൈബ്രറിയൻ സബിത സുനിൽകുമാർ സ്വീകരിച്ചു. വിദ്യാർഥികൾക്കുള്ള മെമ്പർഷിപ്പ് വിതരണവും പുസ്തക വിതരണം നടന്നു. വായനശാല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർഥികളുടെ സംശയങ്ങൾക്ക് ലൈബ്രറിയൻ മറുപടി പറഞ്ഞു. വിദ്യാർഥികളുടെ ഉപഹാരം ലൈബ്രറിയന് കൈമാറി. ടാഗോർ ഗ്രന്ഥാലയം വിന്നേഴ്സ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ പരിസ്ഥിതി പ്രവർത്തനത്തിന്റെ ഭാഗമായി മികച്ച 10 വായനക്കാർക്ക് വരയാൽ ഫോറസ്റ്റ് സ്റ്റേഷനുമായി സഹകരിച്ചു ഫലവൃക്ഷ തൈകൾ സമ്മാനമായി വിതരണം നടത്തി. ചടങ്ങിന് ജിബിൻ മാസ്റ്റർ, മനോജ് എം, ത്രേസ്യാമ്മ ടീച്ചർ, ആൻലിയ എന്നിവർ നേതൃത്വം നൽകി.

# സ്കിൽ പഠനത്തിന് പുതിയ വഴി തുറക്കും



HILLSINAI
CENTRE OF EXCELLENCE

നോളജ് സിറ്റി: സിക്കിം ആസ്ഥാനമായി പ്രവർത്തിക്കുന്ന മേധാവി സ്കിൽ യൂണിവേഴ്സിറ്റിയുമായി മർകസ് നോളജ് സിറ്റിയിലെ ഹിൽസിനായി സെന്റർ ഓഫ് എക്സലൻസ് സഹകരണ കരാർ ഒപ്പിട്ടു. ബി സി എ ഫുൾസ്റ്റാക്ക് ഡെവലപ്മെന്റ്, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, യു. ഐ യു.എക്സ് ഡിസൈനിംഗ്, ഡാറ്റാ സയൻസ് ഉൾപ്പെടെയുള്ള വർക്ക് ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളാണ് ഈ അധ്യയന വർഷം ആരംഭിക്കുക.
ഡി ബി ഐ ഹിൽസിനായി മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുർറഹ്മാൻ ചാലിലും മേധാവി സ്കിൽ യൂണിവേഴ്സിറ്റി പ്രോ ചാൻസിലർ കുൽദീപ് ശർമയും ചടങ്ങിൽ വെച്ച് ധാരണാപത്രം ഒപ്പിട്ടു.

# ലോ കോളജ് വിദ്യാർഥികൾ എജ്യു കിറ്റ് വിതരണം ചെയ്തു



അടിവാരം: പുതിയ അധ്യായന വർഷം ആരംഭിക്കാനിരിക്കെ നൂറാംതോട് എ എം എൽ പി സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും പഠനോപകരണങ്ങൾ ഒരുക്കി മർകസ് ലോ കോളജ് എൻഎസ്എസ് വളണ്ടിയർമാർ. സ്കൂളിൽ നടന്ന എജ്യൂ കിറ്റ് വിതരണ ഉദ്ഘാടനം എൻഎസ്എസ് സ്റ്റേറ്റ് ഓഫീസർ ഡോ. എ.അൻസാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എൻഎസ്എസ് നടത്തിവരുന്ന പഠനോപകരണ വിതരണങ്ങൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും വലിയ ആശ്വാസമാണെന്നും മർകസും അതിന്റെ സാരഥി കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാരും മുന്നോട്ടുവെക്കുന്ന വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ എൻഎസ്എസ് വളണ്ടിയർമാർ സജീവമാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സ്കൂളിലെ 135 വിദ്യാർത്ഥികൾക്ക് ആവശ്യമായ മുഴുവൻ പഠനോപകരണങ്ങളും എൻഎസ്എസ് വളണ്ടിയർ തയ്യാറാക്കിയിരുന്നു.

# ജാമിഅ മർകസ് വിർച്വൽ ടോക് സീരീസിന് തുടക്കം

കോഴിക്കോട്: ഇസ്‌ലാമിക വൈജ്ഞാനിക മേഖലയിലെ ആഗോള പ്രമുഖർ ജാമിഅ മർകസ് വിദ്യാർഥികളുമായി സംവദിക്കുന്ന വിർചൽ ടോക് സീരീസിന് തുടക്കം. അക്കാദമിക രംഗത്ത് വിദ്യാർഥികളുടെ നൈപുണ്യ വികാസം ലക്ഷ്യംവെച്ചു സംഘടിപ്പിക്കുന്ന ടോക് സീരീസിന്റെ ആദ്യ പതിപ്പിൽ ജോർദാനിലെ ഇമാം റാസി ഫിലോസഫി ചെയർ അഡ്വൈസർ ഡോ. സഈദ് ഫൂദ സംസാരിച്ചു. ഇസ്‌ലാമിക വിശ്വാസ സംഹിതകളുടെ കെട്ടുറപ്പ് വിളിച്ചോതുകയും അതിൽ വൈകല്യം നേരിട്ട പ്രസ്ഥാനങ്ങളെ തുറന്നുകാട്ടുകയും ചെയ്ത ടോക് ജാമിഅ മർകസ് ചാൻസിലർ സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ജാമിഅ ഫൗണ്ടർ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ വിശിഷ്ടാതിഥിയായി. ഭാഷ, കർമശാസ്ത്രം, ചരിത്രം, സംസ്കാരം, വിശ്വാസം തുടങ്ങി വിവിധ വൈജ്ഞാനിക വിഷയങ്ങൾ പ്രമേയമാവുന്ന ടോക് സീരീസിന്റെ വരും സെഷനുകളിലും ലോക പ്രശസ്ത സുന്നി പണ്ഡിതർ വിദ്യാർഥികളുമായി സംവദിക്കും.





# വാട്ടർ ട്രീറ്റ്മെന്റ് സേവനങ്ങൾക്കായി 'തൻളീഫ്' പ്രവർത്തനമാരംഭിച്ചു

നോളജ് സിറ്റി: മർകസ് നോളജ് സിറ്റിയിലെ വാട്ടർ മാനേജ്മെന്റ് ആൻഡ് ഹൈജീൻ കമ്പനിയായ 'തൻളീഫ്' ഒഫീഷ്യൽ ലോഞ്ച് നിർവഹിച്ചു. വാട്ടർ ട്രീറ്റ്മെന്റ് സേവനങ്ങളിൽ മാറ്റം ലക്ഷ്യമിട്ടാണ് തൻളീഫ് പ്രവർത്തനം ആരംഭിച്ചത്. ലോകപ്രശസ്തമായ സ്റ്റോക്ക് ഹോമിലെ ഇന്റർനാഷണൽ വാട്ടർ ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് വാട്ടർ മാനേജ്മെന്റ് കൺസൾട്ടേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടൊപ്പം ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം കൊണ്ടുവരുന്നതാണ് തൻളീഫ് പദ്ധതി. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഇഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമാണവും സർവീസുമാണ് തൻളീഫ് ലഭ്യമാക്കുന്നത്. ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ഉദ്ഘാടനം ചെയ്തു.

# പ്രൗഢമായി എം ടവർ സമർപ്പണം




നോളജ് സിറ്റി: ഇന്ത്യൻ ഗ്രാൻഡ് മുഫ്തിയുടെ ഔദ്യോഗിക ഓഫീസടക്കം നോളജ് സിറ്റിയിലെ പ്രധാന ഓഫീസുകളും സർവീസ് അപ്പാർട്ട്മെന്റുകളും ഉൾപ്പെടുന്ന മർകസ് ടവർ (എം ടവർ) സമർപ്പണം പ്രൗഢമായി. 16 നിലകളിലായി പ്രവർത്തനമാരംഭിക്കുന്ന ടവറിൽ ഓഫീസ് സ്പേസുകളും സ്റ്റുഡിയോ, പ്രീമിയം 1 ബി എച്ച് കെ, 2 ബി എച്ച് കെ സർവീസ് അപ്പാർട്ട്മെന്റുകളുമാണുള്ളത്. കൂടാതെ, കോൺഫ്രൻസ് ഹാൾ, റൂഫ് ടോപ് റിവോൾവിംഗ് റസ്റ്റോറന്റ്, സ്വിമ്മിംഗ് പൂൾ തുടങ്ങിയവയും ഒരുങ്ങുന്നുണ്ട്. എക്കോമൗണ്ട് ബിൽഡേഴ്സ് ആണ് ടവറിന്റെ നിർമാണം മൂന്ന് വർഷം കൊണ്ട് പൂർത്തീകരിച്ചത്. സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർഥന നിർവഹിച്ചു. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. കേരള മുസ്‌ലിം ജമാഅത്ത് സംസ്ഥാന ജനറൽ സെക്രട്ടറി സയ്യിദ് ഇബ്റാഹീം ഖലീൽ ബുഖാരി, സമസ്ത സെക്രട്ടറി പേരോട് അബ്ദുർറഹ്മാൻ സഖാഫി, ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, നോളജ് സിറ്റി മാനേജിംഗ് ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി, സി ഇ ഒ ഡോ. അബ്ദുസ്സലാം മുഹമ്മദ് സംസാരിച്ചു. സമസ്ത മുശാവറ അംഗങ്ങളായ ഹസൻ മുസ്‌ലിയാർ വെള്ളമുണ്ട, ഹൈദ്രോസ് മുസ്‌ലിയാർ കൊല്ലം, കെ കെ അഹ്മദ് കുട്ടി മുസ്‌ലിയാർ കട്ടിപ്പാറ, കെ പി മുഹമ്മദ് മുസ്‌ലിയാർ കൊമ്പം, അബൂഹനീഫൽ ഫൈസി തെന്നല, വി പി എം ഫൈസി വില്യാപ്പള്ളി, എക്കോമൗണ്ട് മാനേജിംഗ് ഡയറക്ടർ യഹിയ സഖാഫി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# പരിസ്ഥിതി മാസാചരണം; റോഡ് ശുചീകരണവുമായി നോളജ് സിറ്റി



നോളജ് സിറ്റി: 'നമ്മുടെ ഭൂമി, നമ്മുടെ ഭാവി' എന്ന പ്രമേയത്തിൽ ജൂൺ 1 മുതൽ 30 വരെ നടക്കുന്ന പരിസ്ഥിതി സംരക്ഷണ മാസാചരണത്തിന്റെ ഭാഗമായി മർകസ് നോളജ് സിറ്റി ജീവനക്കാർ ചേർന്ന് റോഡ് ശുചീകരിച്ചു. നോളജ് സിറ്റി സി ഇ ഒ ഡോ. അബ്ദുസ്സലാം മുഹമ്മദ് ഉദ്ഘാടനം ചെയ്തു. സി എ ഒ അഡ്വ. തൻവീർ ഉമർ അധ്യക്ഷത വഹിച്ചു. യൂസുഫ് നൂറാനി, ഡോ. നിസാം റഹ്മാൻ, ഉനൈസ് സഖാഫി കാന്തപുരം, അബ്ദുസ്സത്താർ, പി യു ഉമർ ഹാജി നേതൃത്വം നൽകി. ചടങ്ങിൽ വെച്ച് ഗ്രീൻ സർവേ ഉദ്ഘാടനം നിർവഹിച്ചു. ഗ്രീൻ ടോക്, ഗ്രീൻ ഓത്ത്, 10,000 കമ്യൂണിറ്റി പ്ലാന്റേഷൻ, ബയോ ഡൈവേഴ്സിറ്റി ഫോട്ടോ പ്രദർശനം, ഗ്രീൻ വളണ്ടിയർഷിപ്പ് പ്രഖ്യാപനം, ഓക്സിജൻ ബേങ്ക് പ്രഖ്യാപനം, റിന്യൂവബ്ൾ എനർജി ബോധവത്കരണം, ഗ്രീൻ സിറ്റി ഡോക്യുമെന്ററി, മിയാവാക്കി ഫോറസ്റ്റ് പ്രഖ്യാപനം, പരിസര ശുചീകരണം, ഗ്രീൻ റാലി എന്നിവയാണ് മാസാചരണത്തിന്റെ ഭാഗമായി നോളജ് സിറ്റിയിൽ സംഘടിപ്പിക്കുന്നത്.

# വിദ്യാർഥികൾ സാമൂഹ്യബോധമുള്ളവരാവണം:
## കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ

കാരന്തൂർ: സിലബസിലുള്ള വിഷയങ്ങൾ സജീവമായി പഠിക്കുന്നതോടൊപ്പം തന്നെ ധാർമിക ജീവിതം ശീലിക്കാനും സമകാലിക സാമൂഹ്യവിഷയങ്ങളിൽ അവബോധമുള്ളവരാവാനും വിദ്യാർഥികൾ ഉത്സാഹിക്കണമെന്ന് മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. മർകസ് ബോയ്സ് സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മികച്ച ഭാവിയുള്ളവരാവാനും വരുന്നകാലത്ത് ചലനങ്ങൾ സൃഷ്ടിക്കാനും വിദ്യാരംഭ കാലം മുതൽ തന്നെ പഠനത്തിൽ സജീവമായി ശ്രദ്ധിക്കണം.



എസ്എസ്എൽസി പരീക്ഷയെഴുതിയ മുഴുവൻ പേരും വിജയികളായതും 37 പേർ മുഴുവൻ എ പ്ലസ് നേടിയതും സ്കൂളിന്റെ മികവ് തെളിയിക്കുന്നതാണെന്നും കാന്തപുരം പറഞ്ഞു.വിജയത്തിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും ജീവനക്കാരെയും അഭിനന്ദിച്ചു. എസ്. പി. സി, സ്കൗട്ട്, ജെ. ആർ. സി, എൻ. സി. സി കേഡറ്റുകൾ നവാഗതരെ വരവേറ്റു.

## സീ ക്യൂ അലിഫ് ഡേ:
# ഗ്ലോബൽ ഉദ്ഘാടനം കാന്തപുരം ഉസ്താദ് നിർവഹിച്ചു




കോഴിക്കോട്: നാഷണൽ എഡ്യൂക്കേഷൻ പോളിസി (എൻ ഇ പി) പ്രകാരം മൂല്യവത്തായ പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുന്ന സീ ക്യൂ പ്രീസ്കൂൾ നെറ്റ്‌വർക്കിന്റെ വിദ്യാരംഭം അലിഫ് ഡേ ഗ്ലോബൽ ഉദ്ഘാടനം ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നിർവഹിച്ചു. കേരളം, കർണാടക, തമിഴ്നാട്, ലക്ഷദ്വീപ് തുടങ്ങിയ ഇന്ത്യൻ സംസ്ഥാനങ്ങളിലും ഒമാൻ, സൗദി, തുടങ്ങിയ വിദേശ രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന 142 സെന്ററുകളിൽ നാലായിരത്തോളം കുരുന്നുകളാണ് ഇത്തവണ ആദ്യാക്ഷരം കുറിക്കുന്നത്. അലിഫ് ഡേ ചടങ്ങുകൾക്ക് പ്രദേശത്തെ പണ്ഡിതരും, സാദാത്തുക്കളും എഴുത്തുകാരും, പൗര പ്രമുഖരും നേതൃത്വം നൽകും. ആദ്യമായി വിദ്യാലയത്തിലെത്തുന്ന കുരുന്നുകൾക്ക് പഠനോപകരണങ്ങളും, യൂണിഫോമും, സമ്മാനങ്ങളും നൽകിയാണ് വരവേൽക്കുക.

# ജാമിഅ മർകസ് **ഗ്രീൻ കാമ്പയിന് തുടക്കം**



കാരന്തൂർ: ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജാമിഅ മർകസ് വിദ്യാർഥി യൂണിയൻ ഇഹ്യാഉസ്സുന്ന നടത്തുന്ന 'ഗ്രീൻ' കാമ്പയിന് തുടക്കം. 'നമ്മുടെ ഭൂമി നമ്മുടെ ഭാവി' എന്ന ശീർഷകത്തിൽ പരിസ്ഥിതി പരിപാലനം സംസ്കാരത്തിന്റെ ഭാഗമാക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിൽ നടക്കുന്ന കാമ്പയിൻ ജാമിഅ ഫൗണ്ടർ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഫലവൃക്ഷത്തൈ നട്ടു ഉദ്ഘാടനം ചെയ്തു. ജാമിഅ മർകസ് ചാൻസിലർ സി മുഹമ്മദ് ഫൈസി പരിസ്ഥിതി ദിന സന്ദേശം കൈമാറി. ഒരാഴ്ച നീണ്ടുനിൽക്കുന്ന കാമ്പയിനിന്റെ ഭാഗമായി ജി ട്യൂൺ , സ്വഫാഇൗ, ഹരിതം, എക്കോ പ്ലെഡ്ജ് , ഗ്രീൻ അസംബ്ലി, ഹബ്ബ ടോക്, അൽ ബലദുത്വയ്യിബ് തുടങ്ങിയ വ്യത്യസ്ത പരിപാടികൾ നടക്കും. ചടങ്ങിൽ ഇഹ്യാഉസുന്ന പ്രസിഡന്റ് സയ്യിദ് മുഅമ്മിൽ ബാഹസ്സൻ, ജനറൽ സെക്രട്ടറി അൻസാർ പറവണ്ണ സംബന്ധിച്ചു. ഇക്കോ ഹെൽത്ത് സെക്രട്ടറി ഇർഷാദ് ചെറുവട്ടി പറഞ്ഞു.

## വാക്കർ വിതരണം ചെയ്തു

തളിപ്പറമ്പ്: ആശ്രിതരില്ലാതെ തെരുവുകളിലും മറ്റും കഴിയുന്ന വയോജനങ്ങളെ ഏറ്റെടുത്ത് സംരക്ഷിച്ചുപോരുന്ന പഴയങ്ങാടി എയ്ഞ്ചൽസ് വാലിയിലേക്ക് മർകസ് ആർ സി എഫ് ഐ വാക്കറുകൾ വിതരണം ചെയ്തു. പരസഹായമില്ലാതെ നടക്കാൻ പ്രയാസമനുഭവിക്കുന്ന ഇവിടുത്തെ അന്തേവാസികൾക്ക് ഏറെ ഉപകാരപ്രദമായ ഉപകരണം എന്ന നിലയിലാണ് വാക്കറുകൾ നൽകിയത്. വർഷങ്ങളായി ആരോഗ്യ ഉപകരണങ്ങളും ചികിത്സാ സഹായങ്ങളും നൽകി വരുന്ന ആർ സി എഫ് ഐയുടെ ക്ഷേമകാര്യ പദ്ധതിയുടെ ഭാഗമായാണ് വിതരണം നടന്നത്. ഭവന നിർമാണം, ശുദ്ധജല പദ്ധതി, തൊഴിൽ ഉപകരണ വിതരണം, അനാഥ സംരക്ഷണം, വിദ്യാഭ്യാസ സഹായം ഉൾപ്പെടെ വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളാണ് ആർ സി എഫ് ഐ നടത്തിവരുന്നത്.

## **ഇസ്‌ലാം സ്ത്രീകൾക്ക് അർഹമായ പരിഗണന നൽകുന്ന മതം:** കാന്തപുരം ഉസ്താദ്

കാരന്തൂർ: സ്ത്രീകൾക്ക് അർഹമായ പരിഗണനയും അവകാശങ്ങളും നൽകുന്ന മതമാണ് ഇസ്‌ലാമെന്ന് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ. കാരന്തൂർ മർകസ് ഹാദിയ അക്കാദമിയുടെ പഠനാരംഭ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീകൾക്ക് അർഹിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യവും പരിഗണനയും നൽകുന്ന മതമാണ് ഇസ്‌ലാം. മതത്തെ കുറിച്ച് കൂടുതൽ പഠിക്കുകയും അറിയാൻ ശ്രമിക്കുകയും ചെയ്താൽ ഇക്കാര്യം ബോധ്യപ്പെടും. മുസ്‌ലിംകൾ സ്ത്രീകൾക്ക് മതിയായ സ്വാതന്ത്ര്യവും വിദ്യാഭ്യാസവും നൽകുന്നില്ലെന്ന ആരോപണം മതത്തെ അടുത്തറിയാത്തവരുടെ ദുരാരോപണങ്ങളാണ്. വിദ്യാഭ്യാസവും സംസ്കാരവും ധാർമികാവബോധവുമുള്ളവർക്ക് മാത്രമേ സമൂഹത്തെ ശരിയായ ദിശയിലേക്ക് വഴി നടത്താൻ സാധിക്കുകയുള്ളൂ. വിദ്യാസമ്പന്നരായ സ്ത്രീകളെ വാർത്തെടുക്കുകയും അതുവഴി സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നുതന്നെ സംസ്കാരവും മൂല്യബോധവുമുള്ള തലമുറയെ വളർത്തിക്കൊണ്ട് വരികയും ചെയ്യുക എന്നാണ് ഹാദിയ എന്ന വനിതാ വിദ്യാഭ്യാസ സംരംഭം കൊണ്ട് മർകസ് ലക്ഷ്യമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഈ അധ്യായന വർഷം ഹാദിയ ഹയർ സെക്കൻഡറി, ഡിപ്ലോമ ഒന്നാം സെമസ്റ്ററിലേക്കും ഹാദിയ യു ജിയിലേക്കും അഡ്മിഷനെടുത്ത വിദ്യാർഥികൾക്കുള്ള ക്ലാസ്സുകൾക്കാണ് തുടക്കം കുറിച്ചത്.

# അന്താരാഷ്ട്ര സുസ്ഥിര വികസന സമ്മേളനത്തിൽ മുഖ്യാതിഥിയായി **ഡോ. അബ്ദുസ്സലാം**



ഇസ്താംബൂൾ:തുർക്കിയിലെ ഇസ്താംബൂളിൽവെച്ച് ഇറാഖിലെഅൽനൂർ യൂണിവേഴ്സിറ്റികോളജ് സംഘടിപ്പിച്ചദ്വിദിന അന്താരാഷ്ട്രസമ്മേളനത്തിൽ മുഖ്യവിഷയാവതാരകനായി മർകസ്നോളജ്സിറ്റിസിഇഒ ഡോ.അബ്ദുസ്സലാംമുഹമ്മദ്. ഓസ്ട്രേലിയയിലെസിക്യുയു, ഏവിയേഷൻഓസ്ട്രേലിയ, മലേഷ്യയിലെയുഎംപിഎസ്എ,യുനിടെൻ,എൻഹാൻസ് ട്രാക്ക്എന്നീസംഘടനകളുടെ സഹകരണത്തോടെയാണ് സമ്മേളനംസംഘടിപ്പിച്ചത്. ഇറാഖ്,മലേഷ്യ,ഒമാൻ, തുർക്കി,ഓസ്ട്രേലിയഎന്നീ രാജ്യങ്ങളിൽനിന്നുള്ള പണ്ഡിതൻമാരും ഗവേഷകരുമാണ് സമ്മേളനത്തിൽപങ്കെടുത്തത്. ഇന്നോവേറ്റീവ്സസ്റ്റൈനബ്ൾ എനർജിസ്ട്രാറ്റജീസ്ഫോർ സ്മാർട്ട്സിറ്റീസ്എന്ന വിഷയത്തിലാണ്ഡോ. അബ്ദുസ്സലാംസംസാരിച്ചത്. മർകസ്നോളജ്സിറ്റിയുടെ പ്രവർത്തനരീതിയെ പരിചയപ്പെടുത്തിക്കൊണ്ടായിരുന്നുസംസാരം.അന്താരാഷ്ട്ര തലത്തിലെനയതന്ത്രബന്ധം രൂപപ്പെടുത്തുന്നതിന് സമ്മേളനത്തിലെപങ്കാളിത്തം സഹായകമായി.പ്രൊഫ.തലാൽ യൂസുഫ്ഓസ്ട്രേലിയ,പ്രൊഫ. അബൂദ്അൽസവാഫിഒമാൻ, പ്രൊഫ.ഡോ.കുമാരൻ കദിർഗാമമലേഷ്യ,പ്രൊഫ. ബിലാൽയൂസുഫ്ഓസ്ട്രേലിയ, ഡോ.ശഹ്റിനബിൻത്മുഹമ്മദ് നൂറുദ്ദീൻമലേഷ്യ എന്നിവരായിരുന്നുമറ്റ് വിഷയാവതാരകർ.

## പരിസ്ഥിതി ദിനം: **മിയാവാക്കി ഫോറസ്റ്റ് സമർപ്പിച്ചു**

നോളജ് സിറ്റി: അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മർകസ് നോളജ് സിറ്റിയിൽ മിയാവാക്കി വനം സമർപ്പിച്ചു. മുപ്പത്തിഞ്ചിലധികം തരം മരങ്ങളും ചെടികളും ഉൾക്കൊള്ളുന്നതാണ് ലാൻഡ് മാർക് വില്ലേജിൽ സ്ഥാപിച്ച മിയാവാക്കിയിൽ ഉള്ളത്. ഔഷധ സസ്യങ്ങളും പഴവർഗങ്ങളും നിറഞ്ഞ മിയാവാക്കിയാണ് 2 വർഷം കൊണ്ട് നിർമിച്ചത്. പലകപ്പയ്യാനി, ഊങ്ങ്, ആൽ, രുദ്രാക്ഷം, മാങ്കോസ്റ്റിൻ, വിവിധ തരം ബെറികൾ, മരുത്, എലമംഗലം, കരിനെച്ചി മുതലായവയാണ് മിയാവാക്കിയിൽ വെച്ചുപിടിപ്പിച്ചിരിക്കുന്നത്. നോളജ് സിറ്റിയിലെ റസിഡൻഷ്യൽ മേഖലയായ ലാൻഡ് മാർക് വില്ലേജിലെ താമസക്കാർക്കും മറ്റും നവ്യാനുഭവം പകരുന്നതാണ് മിയാവാക്കി.

## ലോക രക്തദാന ദിനം; **നോളജ് സിറ്റിയിൽ മെഗാ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു**




നോളജ് സിറ്റി: ലോകവ്യാപകമായി നടക്കുന്ന രക്തദാന ദിനാഘോഷങ്ങളുടെ ഭാഗമായി മർകസ് നോളജ് സിറ്റിയിൽ മെഗാ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. നോളജ് സിറ്റിയിലെ വിവിധ സ്ഥാപനങ്ങളിലെ വിദ്യാർഥികൾ, അധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർ രക്തം ദാനം ചെയ്തു. മർകസ് ലോ കോളജ്, യൂനാനി മെഡിക്കൽ കോളജ് എന്നിവിടങ്ങളിലെ എൻഎസ്എസ് വളണ്ടിയർമാരും ഹോപ്പ് കാലികറ്റ് പ്രവർത്തകരും ചേർന്നാണ് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചത്. മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ക്യാമ്പ് ഉദ്ഘാടനം നിർവഹിച്ചു. മിഹ്റാസ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഡോ. നബീൽ അധ്യക്ഷത വഹിച്ചു. എം വി ആർ ക്യാൻസർ സെന്ററിലെ ഡോ. നിട്ടിൻ ഹെൻട്രി രക്തദാന സന്ദേശ പ്രഭാഷണം നടത്തി. നോളജ് സിറ്റി സി ഇ ഒ ഡോ. അബ്ദുസ്സലാം മുഹമ്മദ്, സി എ ഒ അഡ്വ. തൻവീർ ഉമർ, ഷംസുദ്ദീൻ മുറംപാത്തി, സജി, ഷെറീജ സംസാരിച്ചു.

# ഇഹ്‌യാഉസ്സുന്ന പ്രവർത്തന ഉദ്ഘാടനം



കാരന്തൂർ: ജാമിഅ മർകസ് വിദ്യാർത്ഥി സംഘടന ഇഹ്‌യാഉസ്സുന്നയുടെ 2024,25 വർഷത്തെ പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു. 'തക‌്വീൻ' എന്ന നാമത്തിൽ ബൈത്തുൽ ഹിക്മ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ചീഫ് പാട്രൺ വി പി എം ഫൈസി വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. ഇഹ്‌യാഉസ്സുന്ന പ്രഥമ പ്രസിഡൻറ് മൊയ്തീൻ കുട്ടി സഖാഫി വാവൂർ ഉദ്ഘാടനം ചെയ്തു.

നാല് പതിറ്റാണ്ട് പൂർത്തിയാക്കുന്ന വിദ്യാർഥി സംഘടനയുടെ റൂബി ജൂബിലി പ്രമേയം ഹാഫിള് അബൂബക്കർ സഖാഫി പ്രഖ്യാപിച്ചു. സെക്രട്ടറി അൻസാർ പറവണ്ണ വിഷൻ 24 കർമ പദ്ധതി അവതരിപ്പിച്ചു. റബീഹ് ബുഖാരി പ്രമേയ പ്രഭാഷണം നടത്തി. ബഷീർ സഖാഫി കൈപ്രം, അബ്ദുൽ സത്താർ കാമിൽ സഖാഫി, കരീം ഫൈസി വാവൂർ, സയ്യിദ് മുഅമ്മിൽ ബാഹസൻ സംബന്ധിച്ചു. ശുഹൈബ് ചേളാരി സ്വാഗതവും ഹബീബ് ഒതളൂർ നന്ദിയും പറഞ്ഞു.

## പുതിയ കാലത്തോട് സംവദിക്കാൻ വിദ്യാർഥികൾ പ്രാപ്തരാവണം: സി മുഹമ്മദ് ഫൈസി

കുന്ദമംഗലം: പുതിയ കാലത്തോടും പുതിയ ലോകത്തോടും സംവദിക്കാൻ വിദ്യാർഥികൾ പ്രാപ്തരാവണമെന്ന് കേരള ഹജ്ജ് കമ്മിറ്റി ചെയർമാനും മർകസ് ഡയറക്ടർ ജനറലുമായ സി മുഹമ്മദ് ഫൈസി പറഞ്ഞു. കാരന്തൂർ മർകസ് ഗേൾസ് ഹൈസ്കൂൾ പ്രവേശനോത്സവ പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പഠനത്തോടൊപ്പം അച്ചടക്കവും അനുസരണയും പ്രാർഥനയും കൂടെയുണ്ടാവണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പി ടി എ പ്രസിഡന്റ് മിസ്ബാഹ് മൂഴിക്കൽ അധ്യക്ഷത വഹിച്ചു. കുന്ദമംഗലം സർക്കിൾ ഇൻസ്പെക്ടർ എസ് ശ്രീകുമാർ മുഖ്യാതിഥിയായിരുന്നു. പ്രിൻസിപ്പാൾ എ റശീദ് മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി.

## ഹിൽസിനായി ഐ എ എസ് അക്കാദമി: **പ്രഥമ ബാച്ച് ലോഞ്ച് ചെയ്തു**




നോളജ് സിറ്റി: സിവിൽ സർവീസ് രംഗത്തേക്ക് മികച്ച വിദ്യാർഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷം ആരംഭിച്ച ഹിൽസിനായി ഐ.എ.എസ് അക്കാദമിയുടെ ആദ്യ ബാച്ച് 'ഹെൻസായി 2024-25' ഉദ്ഘാടന സംഗമം പ്രൗഢമായി. ഡിജിറ്റൽ ബ്രിഡ്ജ് ഇന്റർനാഷണൽ മാനേജിങ് ഡയറക്ടർ ഡോ. അബ്ദുറഹ്മാൻ ചാലിൽ അധ്യക്ഷത വഹിച്ചു. മർകസ് നോളജ് സിറ്റി ഡയറക്ടർ ഡോ. അബ്ദുൽ ഹകീം അസ്ഹരി ഉദ്ഘാടനം നിർവഹിച്ചു. സിവിൽ സർവീസ് പരീക്ഷയിലെ റാങ്ക് നേടിയ അബ്ദുൽ ഫസൽ നൂറാനി മുഖ്യാതിഥിയായി. സിദ്ദീഖ് സഖാഫി പള്ളിക്കൽ പ്രാർത്ഥന നടത്തി. അഡ്വ. തൻവീർ ഉമർ, ഡോ. സയ്യിദ് നിസാം റഹ്മാൻ, ഷാനവാസ് കെ.ടി തുടങ്ങിയവർ സംസാരിച്ചു. 'സിവിൽ സർവീസ് ഭാവിയും വർത്തമാനവും' എന്ന വിഷയത്തിൽ വിദ്യാർഥികൾക്ക് വേണ്ടി നടന്ന ഇന്ററാക്ടിവ്സെഷന് അബ്ദുൽ ഫസൽ നൂറാനി നേതൃത്വം നൽകി. ഹിൽസിനായി ഐ.എ.എസ് അക്കാദമി ഡയറക്ടർ മുഹമ്മദ് ഷാഫി നൂറാനി സ്വാഗതവും അഡ്മിനിസ്ട്രേറ്റീവ് കോഡിനേറ്റർ ജലീലുദ്ദീൻ മലപ്പുറം നന്ദിയും പറഞ്ഞു.

# കേരളത്തിലെ വിദ്യാഭ്യാസ ഉന്നമനത്തിൽ നിർണായക പങ്കുവഹിച്ചത് പ്രവാസികൾ:

## ഡോ. ഗൾഫാർ മുഹമ്മദലി




കൈതപ്പൊയിൽ: മലയാളികൾ ഇന്ന് കാണുന്ന വിദ്യാഭ്യാസ മുന്നേറ്റത്തിന് പിന്നിൽ പ്രവർത്തിച്ചത് പ്രവാസികളാണെന്ന് പ്രമുഖ വ്യവസായി ഡോ. ഗൾഫാർ മുഹമ്മദലി. ജാമിഅ മദീനത്തുന്നൂറിന് കീഴിൽ അക്കാദമിക് രംഗത്തെ മികവാർന്ന പ്രകടനം നടത്തിയ വിദ്യാർഥികളെ ആദരിക്കുന്നതിനായി മർകസ് നോളേജ് സിറ്റിയിൽ സംഘടിപ്പിച്ച 'വിക്ടറി ഗാല' പരിപാടിയിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹികമായി വളരെ പിന്നിലായിരുന്ന, സാക്ഷരത വളരെ കുറഞ്ഞ ഒരു കാലത്ത് നിന്നും പുതിയ തലമുറക്ക് വിദ്യാഭ്യാസം നൽകി വളർത്തിക്കൊണ്ട് വരുന്നതിൽ പാവപ്പെട്ട പ്രവാസികളുടെ പങ്ക് വലുതായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിദ്യാഭ്യാസരംഗത്ത് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെ നേതൃത്വത്തിലുള്ള മർകസ് സ്ഥാപനങ്ങൾ നിർവഹിക്കുന്ന ദൗത്യം ഏറെ ശ്ലാഘനീയമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആൾ ഇന്ത്യ സിവിൽ സർവീസ് പരീക്ഷയിൽ 507 റാങ്ക് ജേതാവായ അബ്ദുൽ ഫസൽ നൂറാനിക് മൊമെന്റേയും ആപ്കോ ക്യാഷ് പ്രൈസും സമ്മാനിച്ചു. രണ്ട് ഫുൾ ബ്രൈറ്റ് ഫെലോഷിപ്പ്, രണ്ട് പി ഡി എഫ്, നാല് നീറ്റ്, ആറ് ജെ ഇ ഇ , ജാം ജേതാക്കളേയും അഭിനന്ദിച്ചു. ഈയിടെയായി ഐ ഐ ടിയിൽ നിന്നും ജെൻയുവിൽ നിന്നും പി.എച്ച്.ഡി. അവാർഡ് ചെയ്ത ഡോ. മുജീബ് നൂറാനി , ഡോ ശാഹുൽ ഹമീദ് നൂറാനി, കൊളംബിയ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ ലഭിച്ച അബ്ദുൽ ഫത്താഹ് നൂറാനി, അശോക യങ് ഇന്ത്യ ഫെലോഷിപ്പ് ജേതാവ് അൻഷിഫ് അലി നൂറാനിയെയും ആദരിച്ചു.

## മർകസ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ

# കൾച്ചറൽ ക്ലബ് ഉദ്ഘാടനം ചെയ്തു

കാരന്തൂർ: ധാർമിക മൂല്യങ്ങൾ ശീലിക്കുന്നതും അച്ചടക്കമുള്ള വിദ്യാർഥികളാവുന്നതും ലക്ഷ്യങ്ങൾ നേടാനും നല്ല ഭാവി ലഭിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കുമെന്ന് മർകസ് ഡയറക്ടർ ജനറൽ സി മുഹമ്മദ് ഫൈസി. മർകസ് ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ കൾച്ചറൽ ക്ലബ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വായനയും പാഠ്യപാഠ്യേതര വിഷയങ്ങളിലെ മത്സരവുമാവണം വിദ്യാർഥികളുടെ ലഹരി. പ്രാഥമിക പഠനകാലത്തെ ഉന്നത ലക്ഷ്യങ്ങൾ ഉണ്ടായാൽ മറ്റു ലഹരികൾ പിടികൂടില്ലെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാർഥികളുടെയും അധ്യാപകരുടെയും വീട്ടുകാരുടെയും യോജിച്ച




പ്രവർത്തങ്ങളിലൂടെ ധാർമിക ബോധമുള്ള സമൂഹത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൾച്ചറൽ ക്ലബ് രൂപീകരിച്ചിരിക്കുന്നത്. ലഹരി പദാർഥങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും മൊബൈൽ അഡിക്ഷൻ, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ, അശ്ലീലങ്ങൾ എന്നിവക്ക് അടിമപ്പെടാതിരിക്കാനും ക്ലബ്ബിന്റെ കീഴിൽ വരും നാളുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കും. ക്ലബ് ഭാരവാഹികളായി വിവിധ ക്ലാസുകളിൽ നിന്നും വിദ്യാർഥികളെ തിരഞ്ഞെടുത്തു. ഉദ്ഘാടന ചടങ്ങിൽ സ്കൂൾ ഹെഡ്മാസ്റ്റർ അബ്ദുൽ നാസർ മാസ്റ്റർ അധ്യക്ഷത വഹിച്ചു. അബൂബക്കർ സഖാഫി പന്നൂർ ബോധവത്കരണം നടത്തി.

## ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ ലഹരി വിരുദ്ധ റാലി നടത്തി

കുന്ദമംഗലം: ലോക ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ലഹരി ഉപയോഗത്തിന്റെ പ്രത്യാഘാതങ്ങളും ദൂഷ്യവശങ്ങളും വിളംബരം ചെയ്ത് മർകസ് ഗേൾസ് ഹയർസെക്കന്ററി സ്കൂൾ വിദ്യാർഥികൾ ലഹരിവിരുദ്ധ റാലി നടത്തി. എൻ എസ് എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന റാലിക്ക് അധ്യാപകരായ ഷംന, റഷീജ തുടങ്ങിയവർ നേതൃത്വം നൽകി. റാലി സ്കൂളിൽ നിന്നാരംഭിച്ച് കുന്ദമംഗലം വഴി മർകസിൽ സമാപിച്ചു.

## മീഡിയ ശിൽപശാല സംഘടിപ്പിച്ചു

നോളജ് സിറ്റി: മർകസ് നോളജ് സിറ്റിയിലെ പബ്ലിക് റിലേഷൻ ഡിപ്പാർട്മെന്റിന് കീഴിൽ ഏകദിന മീഡിയ ശിൽപശാല സംഘടിപ്പിച്ചു. വാർത്തയെഴുത്ത്, കണ്ടന്റ് റൈറ്റിംഗ്, സോഷ്യൽ മീഡിയ മാനേജ്മെന്റ്, പബ്ലിക് റിലേഷൻ ടെക്നിക്സ് തുടങ്ങിയ സെഷനുകളും പരിശീലനവും നടന്നു. മാധ്യമപ്രവർത്തകൻ മുസ്തഫ പി എറക്കൽ, മുബശ്ശിർ മുഹമ്മദ് നൂറാനി, അർശദ് നൂറാനി വളപുരം, മൻസൂർ എ ഖാദിർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. പ്രജീഷ്, ഇർശാദ് നൂറാനി, ഹസീബ് സഖാഫി സംസാരിച്ചു.

## പരിസ്ഥിതി ദിനം; 10000 തൈ നടൽ പദ്ധതിയിൽ പങ്കാളിയായി കൈതപ്പൊയിൽ മർകസ് പബ്ലിക് സ്കൂൾ




കോഴിക്കോട്: ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മർകസ് നോളജ് സിറ്റിയിൽ നടക്കുന്ന കമ്യൂണിറ്റി പ്ലാന്റേഷൻ പദ്ധതിയിൽ പങ്കാളികളായി കൈതപ്പൊയിൽ മർകസ് പബ്ലിക് സ്കൂൾ വിദ്യാർഥികൾ. 10,000 വൃക്ഷത്തൈകളാണ് ക്യാമ്പയിനിന്റെ ഭാഗമായി നടുന്നത്. മർകസ് പബ്ലിക് സ്കൂൾ വിദ്യാർഥികൾക്ക് വിത്തുകൾ വിതരണം ചെയ്യുകയും നോളജ് സിറ്റി ജീവനക്കാർ ചേർന്ന് തൈ നടൽ ആരംഭിക്കുകയും ചെയ്തു. പ്രകൃതി സംരക്ഷണ സന്ദേശമുയർത്തി വിദ്യാർഥികൾ നടത്തിയ ഗ്രീൻ വോയിസ് എൻവിറോൺമെന്റൽ യൂണിറ്റി റാലിക്ക് ശേഷം നടന്ന വിത്തിടലിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അബ്ദുൽ ജബ്ബാർ സഖാഫി, പ്രിൻസിപ്പൽ ഫ്രാൻസിസ് ജോർജ്, ജാഫർ കൈതപ്പൊയിൽ, സലാഹുദ്ദീൻ അഹ്സനി, നാസർ സഖാഫി നേതൃത്വം നൽകി.

## ജാമിഅ മദീനതുന്നൂർ റീഡിങ് ക്യാമ്പയിന് തുടക്കമായി

പൂനൂർ: ജാമിഅ മദീനതുന്നൂർ സ്റ്റുഡന്റ്സ് യൂണിയൻ നാദി ദഅവ സെൻട്രൽ കമ്മിറ്റി സംഘടിപ്പിക്കുന്ന 'ഇഖ്റഅ്' റീഡിങ് ക്യാമ്പയിന് തുടക്കമായി. കവി റഹീം പോന്നാട് റീഡിങ്ങ് ഡേ ടോക്ക് നടത്തി ഉദ്ഘാടനം നിർവഹിച്ചു. ജാമിഅ മദീനതുന്നൂർ നാൽപതിലധികം ക്യാമ്പസുകളിലെ വിദ്യാർഥികൾ സംബന്ധിച്ചു.

വിദ്യാർഥികളിൽ വായന സജീവമാക്കുക എന്ന ലക്ഷ്യത്തിൽ നാദി ദഅവ ലൈബ്രറി കൗൺസിലിന്റെ കീഴിൽ ഡിസംബർ 30 വരെ നീണ്ടു നിൽക്കുന്ന ക്യാമ്പയിന്റെ ഭാഗമായി നിരവധി പരിപാടികൾ സംഘടിപ്പിക്കും.

ബിബ്ലിയോസ്മിയ, ബി എ റീഡർ, ഓതർ ടോക്, ബുക്കഹോളിക്, പാപ്പിറസ്, ബുക്ക് ടൈം, അപ്ഡേഷൻ തുടങ്ങിയ പദ്ധതികളും ലെറ്റർ റൈറ്റിങ്, ബുക്ക് റിവ്യു, ക്രിട്ടിക്കൽ റിവ്യു, തീസിസ് ട്രാൻസ്ലേഷൻ എന്നീ മത്സരങ്ങളും നടക്കും.



ജാമിഅ മദീനത്തുന്നൂർ വിദ്യാർഥി **ശിനാസിന് ജെനൂസ്യൻ സ്കോളർഷിപ്പ്**

**മർകസിൽ നിന്നുള്ള തത്സമയ വാർത്തകൾക്കും വീഡിയോകൾക്കും ക്യൂആർ കോഡ് സ്കാൻ ചെയ്യുക**

# മികവ്











## നീറ്റ്: മർകസ് ജാമിഅ മദീനത്തുനൂർ വിദ്യാർഥികൾക്ക് ഉന്നത വിജയം















## ഐ.ഐ.ടി കാൺപൂരിൽ നിന്ന് ഡോ. മുജീബ് നൂറാനിക്ക് പി.എച്ച്. ഡി




# Visual Stories




**മർകസ് സ്ഥാപക ദിനം സന്ദേശം**
കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ

Scan & Watch Full Video




**കുരുന്നുമക്കൾ ആദ്യക്ഷരം കുറിക്കുന്നു**

Scan & Watch Full Video




**വിവിധ പ്രദേശങ്ങളിലെ ദർസ് പഠനാരംഭത്തിന് മർകസിൽ സുൽത്വാനുൽ ഉലമ കാന്തപുരം ഉസ്താദ് നേതൃത്വം നൽകിയപ്പോൾ.**

Scan & Watch Full Video





**മർകസ് സ്ഥാപക ദിനം സന്ദേശം**
കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ

Scan & Watch Full Video




**പ്രകൃതിയുടെ പ്രതിനിധി**
Documentary on World Environment Day


Scan & Watch Full Video




**മർകസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനോത്സവം**


Scan & Watch Full Video

# Visual Stories




KPCC President K Sudakaran Visited Markaz

Scan & Watch Full Video




M.K Raghavan M.P visited Markaz

Scan & Watch Full Video




Reception to Alungal Mohammed (President, Abeer Group) at Markaz

Scan & Watch Full Video




Autobiography Launch of Kanthapuram A.P Abubakr Musliyar

Scan & Watch Full Video




Adv. Haris Beeran, Member of Parliament, Rajya Sabha Visited Markaz

Scan & Watch Full Video




മർകസിൽ നടന്ന സമസ്ത 99മത് സ്ഥാപക ദിനാഘോഷം

Scan & Watch Full Video

markaz
shaping a culture



# മർകസിൽ നിന്നുള്ള ഏറ്റവും പുതിയ അപ്ഡേറ്റുകൾ അറിയാം

മർകസ് ഔദ്യോഗിക വാട്ട്സ്ആപ്പ്
കമ്യൂണിറ്റിയിൽ അംഗമാകാം:

**7025 22 00 88**

ഈ നമ്പറിലേക്ക് Join എന്ന്
വാട്സ്ആപ്പ് മെസേജ് ചെയ്യുക.

**markazonline**

**സന്ദർശിക്കുക:**

**www.markaz.in**